# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മരട് മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**എറണാകുളം-682030**

**ഇ-മെയിൽ:** doekm.ksad@kerala.gov.in

**ഫോൺ :** 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം(എം1)81/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 20/03/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മരട് മുനിസിപ്പാലിറ്റി

സർ,

**വിഷയം : മരട് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരട് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-17,1-45 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

4. നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ, എറണാകുളം
5. കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-ഇ.കെ.എം(എം1)81/24 തീയ്യതി: 20/03/2024

## എറണാകുളം ജില്ലയിലെ മരട് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മരട് മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 65 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 44 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 65 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-01-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാംകുട്ടി റ്റി എൽ | ജോയിന്റ് ഡയറക്ടർ | 01-04-2022 | 31-03-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-01-2024 | 20-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

കുമാരി.സാലി ജോസഫ്,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.പ്രവീൺ ഷേണായ് ജെ,ഓഡിറ്റ് ഓഫീസർ

ശ്രീമതി.ഷൈനി പി എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി കവിത എസ് കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.വിജു എം എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ

കുമാരി.മേഴ്സി കെ പി.,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ആന്റണി ആശാംപറമ്പിൽ | ചെയർമാൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.രേണുകാദേവി.ജി | സെക്രട്ടറി | 01-04-2022 | 05-08-2022 |
| ശ്രീ.ബിജു എം കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-08-2022 | 10-11-2022 |
| ശ്രീ.നാസ്സിം ഇ | സെക്രട്ടറി | 11-11-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ബാല്യഭാസി. | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) വളന്തകാട് | 01-04-2022 | 31-03-2023 |
| ഡോ.ഹീര സാബു | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി.സതി.എ.സി | ഹെഡ് മിസ്ട്രസ്.ജി.എൽ.പി.എസ്.മാങ്കായിൽ | 01-04-2022 | 31-03-2023 |
| ശ്രീമതി.വിജയകുമാരി സി.എ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.രാജേശ്വരി.സി.എൽ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി.ശാന്തിനി എൻ.പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-05-2022 |
| ശ്രീമതി രേണുക എ പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-06-2022 | 21-01-2023 |
| ശ്രീമതി ഫെമിത വി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 22-01-2023 | 31-03-2023 |
| ഡോ.ഐശ്വര്യ ആർ വേണു | വെറ്ററിനറി സർജൻ | 01-04-2022 | 28-02-2023 |
| ഡോ റാണാ റോയ് | വെറ്ററിനറി സർജൻ | 01-03-2023 | 31-03-2023 |
| ശ്രീ.ബിജു എം കെ | മുനിസിപ്പൽ എൻജിനിയർ | 01-04-2022 | 31-03-2023 |
| ഡോ.ജീന എസ് മോഹൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) നെട്ടൂർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ചാന്ദനി പി ബി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ജേക്കബ്സൺ പി. ഐ | പ്രോജക്റ്റ് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി മിലി ഗോപിനാഥ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | തനത് ഫണ്ട് ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ–കൃത്യമല്ല | 1-1-1 |
| 3 | സീറോ ബാലൻസ് അക്കൗണ്ടുകളുടെ പാസ് ബുക്ക് ലഭ്യമാക്കിയില്ല | 1-1-2 |
| 4 | ക്രമീകരിക്കുവാൻ അവശേഷിക്കുന്ന മുൻകുറുകൾക്ക് വ്യക്തമായ രേഖകൾ ഇല്ല. | 1-1-3 |
| 5 | ധനകാര്യകമ്മീഷൻ ഗ്രാന്റുകൾ–വരവ് ചെലവ് തുകകൾ വാർഷികകണക്കിലും എ.സി.ആറിലും വ്യത്യാസപ്പെട്ടിരിക്കുന്നു-നീക്കിയിരുപ്പ് തുക ബി-4ഷെഡ്യൂളിലും ആർ.പി ഷെഡ്യൂളിലും വ്യത്യാസം | 1-1-4 |
| 6 | NULM അക്കൗണ്ടുകൾ– പാസ് ബുക്ക് കാലികമാക്കിയിട്ടില്ല | 1-1-5 |
| 7 | ലൈസൻസ് ഫീസ്-വരവ് ചെലവ് കുടിശ്ശിക തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | നഗരസഞ്ചയ പദ്ധതി വിഹിതം നീക്കിയിരിപ്പ് തുക B4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല. | 1-1-7 |
| 9 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | സ്വച്ച് ഭാരത് മിഷൻ വരവു തുക പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തില്ല. | 1-1-9 |
| 11 | PMAY ചെലവ്- വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | AUEGS -വരവു ചെലവു കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമപദ്ധതികൾ | 1-7 |
| 19 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | തനത് വരുമാനം – അവലോകനം | 1-11 |
| 23 | ഫ്ലക്സി ഡെപ്പോസിറ്റ് അക്കൗണ്ട് – അപാകതകൾ | 1-12 |
| 24 | തൊഴിൽ നികുതി – അപാകതകൾ | 1-13 |
| 25 | കെ.ജി.എ ഹോട്ടൽസ് & റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ വസ്തു നികുതി – കേസ് | 1-14 |
| 26 | ഹെബ്രോൺ പ്രോപ്പർട്ടീസ് എന്ന സ്ഥാപനം നൽകിയ പെർമിറ്റ് അപേക്ഷ നാളിതുവരെയും തീർപ്പാക്കിയിട്ടില്ല | 1-15 |
| 27 | റസിഡൻഷ്യൽ ഫ്ലാറ്റ് ക്രമവത്കരിച്ചിട്ടില്ല | 1-16 |
| 28 | വസ്തു നികുതി രേഖകൾ ലഭ്യമാക്കിയില്ല | 1-16(1) |
| 29 | നിലം തരം മാറ്റാതെ മാളിനു പെർമിറ്റ്, ഒക്കുപ്പൻസി | 1-17 |
| 30 | ബിൽഡിംഗ് പെർമിറ്റ് /ഒക്കുപ്പൻസി അനുവദിക്കുന്നതിലെ പൊതു അപാകതകൾ | 1-18 |
| 31 | കെട്ടിട നിർമ്മാണ അനുമതികൾ -കൺവെർഷൻ ഫീസ് വിവരങ്ങൾ ആവശ്യപ്പെടേണ്ടതാണ്. | 1-18-1 |
| 32 | നഗരസഭാ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള ജി.ഐ. പോളുകളുടെ വാടക കുറവ് അടവാക്കി | 1-19 |
| 33 | വിനോദ നികുതി – അപാകതകൾ | 1-20 |

| | | |
|---|---|---|
| 34 | വാടക – അപാകതകൾ | 1-21 |
| 35 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്-അപാകതകൾ | 1-22 |
| 36 | NULM- വഴിയുള്ള പ്രവർത്തനങ്ങൾ നഗരസഭയിൽ കാര്യക്ഷമല്ല | 1-23 |
| 37 | അമൃത് പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം | 1-24 |
| 38 | പെൻഷൻ ഫണ്ട് -രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. | 1-25 |
| 39 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി-ചെലവ് തുക സർക്കാരിൽ നിന്ന് നഗരസഭയിലേക്ക് ലഭ്യമായില്ല. | 1-26 |
| 40 | സാനിട്ടേഷൻ വർക്കർമാർക്ക് വ്യത്യസ്ത നിരക്കിൽ വേതനം അനുവദിച്ചു | 1-27 |
| 41 | വാഹന ഉപയോഗവും പരിപാലനവും-അപാകതകൾ | 1-28 |
| 42 | ഗവൺമെന്റ് ഐ.ടി.ഐ യ്ക്ക് വാടക അനുവദിച്ചത്- സർക്കാർ അംഗീകാരം ലഭ്യമാക്കിയില്ല. | 1-29 |
| 43 | മരുന്ന് വാങ്ങൽ പ്രൊജക്ട് പ്രകാരമുള്ള എല്ലാ മരുന്നുകളും ലഭ്യമായിട്ടില്ല-നെട്ടൂർ പി.എച്ച്.സി | 1-30 |
| 44 | മരുന്ന് വാങ്ങൽ ഒറിജിനൽ ഇൻവോയ്സ് ലഭ്യമാക്കേണ്ടതാണ് - പി. എച്ച്.സി. വളന്തകാട് | 1-31 |
| 45 | മരട് നഗരസഭ– സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം - വിവരങ്ങൾ ലഭ്യമാക്കിയില്ല. | 1-32 |
| 46 | ഹരിതകർമ്മസേന പ്രവർത്തനം–അംഗീകാരമില്ലാത്ത ഫണ്ട് വിനിയോഗിച്ചു | 1-33 |
| 47 | ഭവനപുനരുദ്ധാരണം-ഗുണഭോക്താവിൽ നിന്ന് തുക തിരികെ ലഭ്യമായില്ല | 1-34 |
| 48 | ബാങ്ക് അക്കൗണ്ട് നമ്പർ തെറ്റായി രേഖപ്പെടുത്തിയതിനാൽ ഗുണഭോക്താവിന് തുക ലഭിച്ചില്ല. | 1-35 |
| 49 | പഠനമുറി -വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല. | 1-36 |
| 50 | ഭവന നിർമ്മാണം -പൂർത്തീകരിച്ചിട്ടില്ല | 1-37 |
| 51 | കുട്ടികൾക്ക് പ്രഭാത ഭക്ഷണം-സ്പോൺസർഷിപ്പ് മുഖേന നടപ്പിലാക്കണം | 1-38 |
| 52 | മഴക്കാല പൂർവ ശുചീകരണം- ചെലവ് രേഖ ലഭ്യമാക്കിയില്ല | 1-39 |
| 53 | ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-40 |
| 54 | നഗരസഭ ആസ്തികൾ സംബന്ധിച്ച ഫയൽ ലഭ്യമാക്കിയില്ല | 1-41 |
| 55 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-42 |
| 56 | KWA-കുടിവെള്ള പദ്ധതി നടപ്പാക്കിയില്ല- | 1-43 |
| 57 | മരാമത്ത് പ്രവൃത്തികളിലെ പൊതു ന്യൂനതകൾ | 1-44 |
| 58 | അഞ്ച് വർഷത്തിലേറെയായിട്ടും (G+3)നില SCഫ്ലാറ്റ് നിർമ്മാണം (G+1)നില പോലും പൂർത്തികരിച്ചില്ല. അപാകതകൾ | 1-45 |
| 59 | ആസ്തി ഡിജിറ്റൈലൈസേഷൻ - പ്രവൃത്തി കാര്യക്ഷമമായി പൂർത്തികരിച്ചില്ല. | 1-46 |
| 60 | പ്ലാസ്റ്റിക് മാലിന്യം നീക്കാത്തതിനാൽ കാരണത്താൽ R R F അനുബന്ധ സൗകര്യം ഒരുക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-47 |
| 61 | മിനി എം സി എഫ് സ്ഥാപിക്കുന്നതിന് സ്ഥലലഭ്യത ഉറപ്പാക്കിയില്ല. | 1-48 |
| 62 | വിവിധ വാർഡുകളിൽ എം.സി.എഫ് സ്ഥാപിച്ചു - അപാകതകൾ | 1-49 |
| 63 | LED ലൈറ്റ് സ്ഥാപിക്കൽ - 3 വർഷം മുൻപ് വാങ്ങിയ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് തുക ചെലവഴിച്ചു. | 1-50 |
| 64 | പകൽ വീട് നിർമ്മാണം- ഫണ്ട് വിനിയോഗത്തിൽ വ്യക്തതയില്ല . | 1-51 |
| 65 | AUWM റോഡ് നവീകരണം- പ്രോജക്ടും അംഗീകാരവുമില്ലാതെ തുക ചെലവഴിച്ചു. | 1-52 |
| 66 | ഇലക്ഷൻ ഡെപ്പോസിറ്റ് - തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല. | 1-53 |

| | | |
|---|---|---|
| 67 | മുൻകുറുകൾ ക്രമീകരിക്കുവാൻ അവശേഷിക്കുന്നു | 1-54 |
| 68 | നഗരസഞ്ചയ പദ്ധതി വിഹിതം -അപാകതകൾ | 1-55 |
| 69 | നഗരസഭ ബോട്ട് നിർമാണം-പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കിയില്ല | 1-56 |
| 70 | ഐ ആർ സി റ്റി സി യിലേയ്ക്ക് നൽകിയ അധിക തുക തിരികെ ഈടാക്കേണ്ടതാണ്. | 1-57 |
| 71 | പി.എം.എ.വൈ അർബൻ/ലൈഫ് ഭവന പദ്ധതി-പൂർത്തീകരിച്ചിട്ടില്ല. | 1-58 |
| 72 | PMAY – ചെലവ് തുകകൾ പൂർണ്ണമായും സുലേഖ ചെലവ് രേഖയിൽ ഉൾപ്പെട്ടിട്ടില്ല. | 1-58-1 |
| 73 | കുരുമുളക് കൃഷി വികസനം-കൃത്യമായ സ്പെസിഫിക്കേഷനോടുകൂടിയ ഇൻവോയിസ് ലഭ്യമാക്കിയില്ല. | 1-59 |
| 74 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യതിലെ അപാകതകൾ | 1-60 |
| 75 | പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് -നിശ്ചിത തുക അടവാക്കുന്നില്ല-പിഴ തുക വർദ്ധിക്കുന്നു | 1-61 |
| 76 | മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ തുടരുന്നു. | 1-62 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഡെപ്പോസിറ്റ് വർക്ക്-റോഡ് റെസ്റ്റോറേഷൻ ഫീസ് വാട്ടർ അതോറിറ്റിയിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് സർച്ചാർജ്ജുകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം –1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) **മരട്** മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31 – ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാദ്ധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ **15.07.2023** ലെ **2–ാം** നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് **22.07.2023** തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൌണ്ട്സ്) ചട്ടങ്ങൾ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൌണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മരട് മുനിസിപ്പാലിറ്റിയുടെ **2022–23** വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി:19/03/2024

**ജോയിന്റ് ഡയറക്ടർ**

### 1-1-1 തനത് ഫണ്ട് ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ-കൃത്യമല്ല

നഗരസഭയുടെ പ്രധാനപ്പെട്ട രണ്ട് ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ ക്രമപ്രകാരം നടത്തി പാസ് ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| അക്കൗണ്ട് | നീക്കിയിരുപ്പ് | | പരാമർശം |
|---|---|---|---|
| | എ.എഫ്.എസ് | ബാങ്ക് സ്റ്റേറ്റ്മെന്റ് | |

| | | | |
|---|---|---|---|
| SBI -E Payment | ₹1,78,87,737 | ₹2,03,63,411.23 | റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല |
| PNB Own Fund 7476001100000011 | ₹17,87,38,607 | ₹52,87,046.06 | ബാങ്ക് ബുക്ക് നീക്കിയിരിപ്പ്= ₹17,87,38,607 +പണമാക്കാത്ത ചെക്കുകൾ ₹5,71,368 + ബാങ്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തത് ₹ 23,24,005.97 കൂട്ടിയും കളക്ഷൻ വരാത്ത ചെക്ക് തുക ₹78,24,038 + ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്തത് ₹16,82,94,968.91 കുറച്ചും റിക്കൺസിലിയേഷൻ നടത്തിയിട്ടുണ്ടെങ്കിലും പാസ്ബുക്ക് നീക്കിയിരുപ്പുമായി പൊരുത്തപ്പെട്ടിട്ടില്ല. വ്യത്യാസം-₹2,27,928.06 |

**1-1-2 സീറോ ബാലൻസ് അക്കൗണ്ടുകളുടെ പാസ് ബുക്ക് ലഭ്യമാക്കിയില്ല**

RP40-B പ്രകാരം Zero ബാലൻസിലുള്ള 13 അക്കൗണ്ടുകളാണ് നഗരസഭയിലുള്ളത്. ഇവയുടെ പാസ് ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കുവാനാവശ്യപ്പെട്ടതിൻ പ്രകാരം (എൻക്വയറി നം-47/18.01.24) ലഭ്യമായ രേഖകൾ പരിശോധിച്ചതിന് ശേഷമുള്ള റിമാർക്സ് താഴെച്ചേർക്കുന്നു.

| ക്രമ.നം | അക്കൗണ്ട് | ഹെഡ് കോഡ് | അക്കൗണ്ട് നമ്പർ | റിമാർക്സ് |
|---|---|---|---|---|
| 1 | Bank Of India Own Fund | 450210300 | - | പാസ് ബുക്ക് ഹാജരാക്കിയില്ല. |
| 2 | Punjab National Bank | 450210400 | - | |
| 3 | Punjab National Bank (SECC) | 450210800 | 7476001100000048 | അക്കൗണ്ട് 19.09.19 തീയതിയിൽ ക്ലോസ് ചെയ്തതായി പാസ്ബുക്കിൽ ബാങ്ക് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| 4 | Marad Service Co-operative Bank | 450220200 | -6876 | പാസ് ബുക്കിൽ 20.06.15 വരെയുള്ള രേഖപ്പെടുത്തലുകളാണുള്ളത്. 20.06.15 ൽ നീക്കിയിരുപ്പ് Zero ആണ്. |
| 5 | Ernakulam Dist Co-operative Bank | 450210100 | - | പാസ് ബുക്ക് ഹാജരാക്കിയില്ല. |
| 6 | Scheduled Co-operative Bank Own Fund | 450230200 | - | |
| 7 | Ernakulam Dist Co-operative Bank | 450230300 | - | |
| 8 | Peoples Urban Co-operative Bank | 450230400 | - | |
| 9 | Bank Of India -AUEGS | 450410200 | 858010110001593 | പാസ് ബുക്കിൽ 11.03.15 വരെയുള്ള രേഖപ്പെടുത്തലുകളാണുള്ളത്. 11.03.15 ൽ നീക്കിയിരുപ്പ് Zero ആണ്. |
| 10 | Bank Of India -SECC | 450410300 | 858010110002046 | പാസ് ബുക്കിൽ 11.03.15 വരെയുള്ള രേഖപ്പെടുത്തലുകളാണുള്ളത്. 11.03.15 ൽ നീക്കിയിരുപ്പ് Zero ആണ്. |
| 11 | Bank Of India -PF A/c | 450410400v | 858010110002092 | |
| 12 | ICICI -SwachBharat | 450420100 | 823501000435 | ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 31.03.23 തീയതിയിൽ ബാലൻസ് Zero ആണ്. |
| 13 | ICICI -Pmay | 450620400 | 323501000430 | |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)പാസ് ബുക്ക് ഹാജരാക്കിയതും എന്നാൽ ഓഡിറ്റ് കാലയളവ് വരെ കാലികമാക്കാത്തതുമായ ക്രമ നമ്പർ 4, 9, 10, 11 ൽ സൂചിപ്പിച്ചിട്ടുള്ള അക്കൗണ്ടുകളുടെ കാര്യത്തിൽ ആവശ്യകത പരിശോധിക്കേണ്ടതും കൗൺസിൽ തീരുമാനത്തിന് കൂടി വിധേയമായി അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
2)പാസ് ബുക്ക് ഹാജരാക്കാത്ത അക്കൗണ്ടുകളെ സംബന്ധിച്ച് (ക്രമ നമ്പർ 1, 2, 5, 6. 7, 8 ൽ സൂചിപ്പിച്ചിട്ടുള്ളവ) ബാങ്കുകളുമായി ബന്ധപ്പെട്ട് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടതും ആവശ്യകതയുടെ അടിസ്ഥാനത്തിൽ അക്കൗണ്ടുകൾ നിലനിർത്തേണ്ടവയാണോയെന്ന് പരിശോധിച്ച് തുടർ നടപടികളെടുക്കേണ്ടതുമാണ്.
3)പാസ് ബുക്ക് ഹാജരാക്കിയതും ക്രമ നമ്പർ 3 ൽ സൂചിപ്പിച്ചിട്ടുള്ളതുമായ പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ളതിനാൽ വാർഷികകണക്കിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

**1-1-3 ക്രമീകരിക്കുവാൻ അവശേഷിക്കുന്ന മുൻകൂറുകൾക്ക് വ്യക്തമായ രേഖകൾ ഇല്ല.**

ബി-18 ഷെഡ്യൂളിൽ സാമ്പത്തിക വർഷാവസാനം ക്രമീകരിക്കുവാൻ അവശേഷിക്കുന്ന മുൻകൂറുകളിൽ ഏതൊക്കെ ഇനത്തിനായി നൽകിയ മുൻകൂറുകൾ ആണെന്ന് വ്യക്തമാക്കുന്ന മുൻകൂർ രജിസ്റ്റർ, സൂക്ഷിച്ചിട്ടില്ല. മുൻകൂർ രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

**1-1-4 ധനകാര്യകമ്മീഷൻ ഗ്രാന്റുകൾ-വരവ് ചെലവ് തുകകൾ വാർഷികകണക്കിലും എ.സി.ആറിലും വ്യത്യാസപ്പെട്ടിരിക്കുന്നു-നീക്കിയിരുപ്പ് തുക ബി-4ഷെഡ്യൂളിലും ആർ.പി ഷെഡ്യൂളിലും വ്യത്യാസം**

ടൈഡ്-അൺടൈഡ് ഗ്രാന്റ് തുകകളുടെ വരവ്/ചെലവ് തുകകൾ വാർഷികകണക്കിലും എ.സി.ആർ ലും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| | AFS (₹) | ACR(₹) |
|---|---|---|
| **വരവ്** | | |
| ടൈഡ് ഗ്രാന്റ് | 1,82,62,649 | 2,91,11,141 |
| ബേസിക് ഗ്രാന്റ് | 69,55,104 | 69,34,550 |
| **ചെലവ്** | | |
| ടൈഡ് ഗ്രാന്റ് | 2,04,98,348 | 2,04,08,348 |
| ബേസിക് ഗ്രാന്റ് | 78,21,714 | 13,64,985 |

നഗരസഞ്ചയ പദ്ധതിയിൽ പെടുത്തി ലഭ്യമായ 1.25 കോടി രൂപ ടൈഡ് ഗ്രാന്റിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ തുകകളുടെ വിനിയോഗത്തിൽ എ.സി.ആറുമായി പൊരുത്തക്കേടുണ്ട്. ഗ്രാന്റിന്റെ നീക്കിയിരുപ്പ് തുക തന്നെ ബി-4 ഷെഡ്യൂളിലും ആർ.പി-40-B ഷെഡ്യൂളിലും വ്യത്യാസപ്പെട്ടിരിക്കുന്നു. മേൽ വ്യത്യാസങ്ങളൊന്നും വിശദീകരിക്കപ്പെട്ടിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 8/10.01.24) CFC ഗ്രാന്റ് ടൈഡ് - അൺടൈഡ് തുകകൾ വാർഷിക കണക്കിലും ACR ലും വ്യത്യസമുണ്ട്. RP-6 ൽ വരവായി കാണിച്ചിട്ടുള്ള തുകയിൽ നിന്നും I-6 പ്രകാരമുള്ള ചെലവ് കുറയ്ക്കുമ്പോൾ ലഭിക്കുന്ന തുകയായ RP40(b) യിലെ CFC ഗ്രാന്റ് വരവ് ചെലവ് തുകകൾ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**1-1-5 NULM അക്കൗണ്ടുകൾ- പാസ് ബുക്ക് കാലികമാക്കിയിട്ടില്ല**

താഴെപ്പറയുന്ന രണ്ട് NULM അക്കൌണ്ടുകളുടെ പാസ് ബുക്ക് 31.03.23 തീയതിയിൽ കാലികമാക്കി ലഭ്യമാക്കിയിട്ടില്ല.
1)Bank Of Baroda NULM-(അക്കൗണ്ട്.നം- 55360100002438)
വാർഷികകണക്ക് പ്രകാരം നീക്കിയിരുപ്പ്- 700/-
പാസ്ബുക്ക് പ്രകാരം നീക്കിയിരുപ്പ് (Last Updated On 12.08.2021)- Zero
2)Andra Bank NULM-(അക്കൗണ്ട്.നം-263010100006621)
വാർഷികകണക്ക് പ്രകാരം നീക്കിയിരുപ്പ്- 1/-.
പാസ്ബുക്ക് പ്രകാരം നീക്കിയിരുപ്പ് (Last Updated On 12.08.2021)- Zero
ഇരു അക്കൗണ്ടുകളുടേയും പാസ് ബുക്ക് കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-1-6 ലൈസൻസ് ഫീസ്-വരവ് ചെലവ് കുടിശ്ശിക തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല**

2022-23 വാർഷിക ധനകാര്യപത്രിക പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ തൻവർഷ ഡിമാന്റായി I-4 ൽ വന്നിട്ടുള്ള തുക ₹18,31,500 യും, തൻവർഷം കളക്ഷനായി ആർ പി 37-ൽ വന്നിട്ടുള്ള തുക ₹2,80,285/- യുമാണ്. 2021-22 വാർഷിക ധനകാര്യപത്രികയിലെ ബി9 ഷെഡ്യൂൾ പ്രകാരം ₹12,71,220 യാണ് അഡ്വാൻസ് ലഭിച്ചിട്ടുള്ളത്. ഇതനുസരിച്ച് ₹2,79,995/- കുടിശ്ശികയായി വരേണ്ടതാണ്. എന്നാൽ 17,606/-രൂപയാണ് വാർഷിക ധനകാര്യപത്രികയിൽ ബി-15 ഷെഡ്യൂളിൽ

കുടിശ്ശികയായി കാണിച്ചിട്ടുള്ളത്. ലൈസൻസ് ഫീസിന്റെ തൻവർഷത്തെ ഡിസിബി പത്രിക തയ്യാറാക്കിയിട്ടില്ലാത്തതിനാൽ കുടിശ്ശിക തുകയുടെ കൃത്യത ഉറപ്പിക്കാനായിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകിയില്ല (ഓഡിറ്റ് എൻക്വയറി നം. 59/20.01.24).

### 1-1-7 നഗരസഞ്ചയ പദ്ധതി വിഹിതം നീക്കിയിരിപ്പ് തുക B4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല.

നഗരസഞ്ചയ പദ്ധതി വിഹിതം നീക്കിയിരിപ്പ് തുക 45ലക്ഷം രൂപ B4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-8 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

കേരള മുനിസിപ്പാലിറ്റി (അക്കൌണ്ട്സ്) ചട്ടങ്ങൾ 2007, ചട്ടം 58(ഇ), 58(എഫ്) എന്നിവ പ്രകാരമുള്ള കുറിപ്പുകളും അടിസ്ഥാന അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-9 സ്വച്ച് ഭാരത് മിഷൻ വരവു തുക പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തില്ല.

സ്വച്ച് ഭാരത് മിഷൻ വരവു തുക സ്വച്ച് ഭാരത് മിഷൻ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാതെ തനത് ഫണ്ടിലേക്കാണ് വരവ് വച്ചിട്ടുള്ളത്.

### 1-1-10 PMAY ചെലവ്- വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

PMAY - വാർഷിക ധനകാര്യ പത്രികയിലെ ചെലവായി 84 ലക്ഷം രൂപയാണ് ചേർത്തിട്ടുള്ളത്. എന്നാൽ ഹാജരാക്കിയ രേഖകൾ പ്രകാരമുള്ള ചെലവ് ₹94,88,280/-. അപാകത പരിഹരിക്കേണ്ടതാണ്.

### 1-1-11 AUEGS -വരവു ചെലവു കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

AUEGS - വരവു ചെലവു കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 26.03.2022 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1)ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം |
|---|---:|
| പ്രാരംഭ ബാക്കി | ₹117493285 |
| വരവ് | ₹553112100 |
| ആകെ | ₹670605385 |
| ചെലവ് | ₹616153600 |
| നീക്കിയിരിപ്പ് | ₹54451785 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹14,69,85,219.22 |
| വരവ് | ₹28,25,94,638.00 |
| ആകെ | ₹42,95,79,857.22 |
| ചെലവ് | ₹20,88,07,118.00 |
| നീക്കിയിരിപ്പ് | ₹22,07,72,739.22 |

വാർഷിക ധനകാര്യപത്രികയിലെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കിൽ ഉൾപ്പെട്ടില്ലാത്ത ഗ്രാന്റുകളുടെയും മറ്റു വരവു ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരുപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | ചെലവഴിക്കാതെ ലാപ്സായ തുക(₹) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 25427532 | 25427532 | 28621947 | 0 | 3194415 |
| വികസനഫണ്ട് എസ്.സി.പി. | 0 | 13852666 | 13852666 | 7819410 | 0 | 6033256 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 10388000 | 10388000 | 9355564 | 0 | 1032436 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 11977000 | 11977000 | 7866357 | 0 | 4110643 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ** | 6134882 | | | | 1232232 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) ** | | | | | | |
| ഹെൽത്ത് ഗ്രാന്റ് 320802000 | 0 | 8788028 | 8788028 | 0 | 8788028 | |
| കേന്ദ്രസർക്കാർ ഗ്രാന്റ് (PMAY+SNP) 320100100 | 9397035 | 11136714 | 20533749 | 8440000 | 12093749 | |
| മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് 320809900 | 250000 | 2019899 | 2269899 | 2019899 | 250000 | |
| എൻ.യു.എൽ.എം | 0 | 942144 | 942144 | 942144 | 00 | |

എ) വികസനഫണ്ട് പൊതുവിഭാഗം*
(ജി.ഒ പ്രോജക്ട് -₹32,62,468/- എ.സി.ആറിൽ ചെലവായി കാണിച്ചിട്ടുള്ളതും എന്നാൽ പാസാകാതിരുന്നതുമായ തുക-₹42,811/-)
ബി)വികസനഫണ്ട് എസ്.സി.പി ഫണ്ട് -എ.സി.ആറിൽ ചെലവായി കാണിച്ചിട്ടുള്ളതും എന്നാൽ പാസാകാതിരുന്നതുമായ തുക-₹15,12,156/-)
ബി) ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied, Untied)**
എ.സി.ആർ അനുസരിച്ചുള്ള വരവും വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള വരവും പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകളിലെ വ്യത്യാസത്തിനും വിശദീകരണം നൽകിയിട്ടില്ല. നീക്കിയിരുപ്പ് തുക ബി-4ഷെഡ്യൂളിലും RP ഷെഡ്യൂളിലും വ്യത്യാസപ്പെട്ടാണുള്ളത്. ബാങ്ക് നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തി വരവ് ചെലവ് തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ വാർഷികകണക്ക് പ്രകാരമുള്ള മുന്നിരിപ്പ്, നീക്കിയിരുപ്പ് (എൻക്വയറി നം-18/23.11.22) തുകകൾ മാത്രമാണ് മേൽ പട്ടികയിൽ പെടുത്തിയിട്ടുള്ളത്. കൂടുതൽ വിവരങ്ങൾക്ക് ഖണ്ഡിക 1-1-4 കാണുക.
സി)ഹെൽത്ത് ഗ്രാന്റിനത്തിൽ 86 ലക്ഷം രൂപയോളം ലഭ്യമായിട്ടും തൻവർഷം ആരോഗ്യമേഖലയ്ക്കായി യാതോരു പദ്ധതിയും നടപ്പാക്കിയില്ല എന്നത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നു. (ഗ്രാന്റിൽ ₹1,38,028/- പലിശയും ഉൾപ്പെടുന്നുണ്ട്)

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | പൂർത്തീകരിച്ചത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 354 | 242598484 | 162 | 112378053 | 80 | 82 | 192 | 22.6% |

## 1-6 അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ്(₹) | ആകെ(₹) | ചെലവ്(₹) | നീക്കിയിരിപ്പ്(₹) |
|---|---|---|---|---|---|
| ഭരണചെലവ് | 1479035 | 9014621 | 10493656 | 606294 | 1514 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നല്കിയത് | 0 | 0 | 0 | 9885848 | |
| ആകെ | 1479035 | 9014621 | 10493656 | 10492142 | 1514 |

ക്യാഷ് ബുക്ക് അനുസരിച്ചുള്ള വിവരങ്ങളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട മേൽ വരവ് ചെലവ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1185600 | 89 |
| വിധവാപെൻഷൻ | 15016800 | 1265 |
| വാർദ്ധക്യകാലപെൻഷൻ | 38480500 | 3467 |
| വികലാംഗപെൻഷൻ | 3340800 | 272 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 937000 | 78 |
| വിധവകളുടെ മക്കൾക്കുള്ള ധനസഹായം | 330000 | 11 |
| മിശ്രവിവാഹിതർക്കുള്ള ധനസഹായം | 270000 | 9 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.01.2024 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹41,511/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ കാര്യക്ഷമമാക്കേണ്ടതാണ്.

1) നഗരസഭയുടെ വാർഷിക കണക്കുകളിൽ സുതാര്യത ഇല്ല. ഫണ്ട് വരവുകൾ സംബന്ധിച്ച ഉത്തരവുകളോ, അവ ആധികാരികമായി രേഖപ്പെടുത്തുന്ന രജിസ്റ്ററുകളോ സൂക്ഷിക്കുന്നില്ല. ഉദാ- PMAY, CFC ഗ്രാന്റ് തുടങ്ങിയവ.

2) മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നില്ല. ഉദാ- SC ഫ്ലാറ്റ് നിർമ്മാണം, RRF അനുബന്ധ സൗകര്യങ്ങൾ, തുടങ്ങിയവ.

3) മരാമത്ത് ഫയലുകൾ കൃത്യതയോടെ സൂക്ഷിക്കുന്നില്ല. ഫയലുകളിൽ ഉൾപ്പെടുത്തേണ്ട എല്ലാ രേഖകളും , ഫൈൻ ഈടാക്കിയ വിവരങ്ങളും വ്യക്തമായ രീതിയിൽ സൂക്ഷിച്ചിട്ടില്ല.

4) ബിൽഡിംഗ് പെർമിറ്റ് സംബന്ധിച്ച കൃത്യമായ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പെർമിറ്റ്/ഒക്കുപൻസി അനുവദിക്കുമ്പോൾ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പൂർണ്ണമായും പാലിക്കുന്നില്ല.

5) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

6) ഫ്ളക്സി ഫിക്സഡ് ഡെപ്പോസിറ്റുകളുടെ രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

7) ഹെൽത്ത് ഗ്രാന്റിനത്തിൽ 86 ലക്ഷം രൂപയോളം ലഭ്യമായിട്ടും തൻവർഷം ആരോഗ്യമേഖലയ്ക്കായി യാതൊരു പദ്ധതിയും നടപ്പാക്കിയില്ല.

8) കെട്ടിട നികുതി ഇനത്തിൽ വലിയ തുക കുടിശിക ഉണ്ടെങ്കിലും കുടിശിക ഈടാക്കുന്നതിൽ കാര്യക്ഷമമായ യാതൊരു പ്രവർത്തനങ്ങളും നടത്തുന്നില്ല. ഇതു സംബന്ധിച്ച രജിസ്റ്ററുകളോ രേഖകളോ കൃത്യമായ കണക്കുകളോ നഗരസഭയിൽ ഇല്ല.

ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കി അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.02.2016 മുതൽ 12.02.2016വരെ | 2013-14(II)<br>2014-15<br>2015-16(I) | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.12.2018 മുതൽ 01.01.2019 വരെ | 2016-17മുതൽ 2017-18വരെ | ലഭ്യമല്ല |

## 1-11 തനത് വരുമാനം – അവലോകനം

എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്കിലാണ് 12.35 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള മരട് നഗരസഭസ്ഥിതി ചെയ്യുന്നത്. ആകെ 33 ഡിവിഷനുകളാണുള്ളത്. നഗരസഭയുടെ തനതുവരുമാനങ്ങളായ നികുതികൾ, വിവിധ ഫീസുകൾ, വാടക, മറ്റ് വരവുകൾ തുടങ്ങി നികുതി – നികുതിയേതര വരവുകൾ മെച്ചപെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തനത് വരുമാനം പിരിച്ചെടുക്കുന്നതിന്റെ വിശദാംശങ്ങൾ

മരട് നഗരസഭയിലെ 2022-23 സാമ്പത്തിക വർഷത്തിലെ പ്രധാന വരവുകൾ പരിശോധിച്ചതിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.വാടക

നഗരസഭയുടെ ഉടമസ്ഥതയിലുള്ള 13 കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ചില വാടകക്കാർ നടപ്പ് സാമ്പത്തിക വർഷം വാടക കുടിശ്ശിക വരുത്തിയിട്ടുണ്ട്. മാത്രമല്ല നഗരസഭ വാടകക്കാരുമായി ചമച്ച വാടകക്കരാറുകളും പരിശോധനയിൽ ലഭ്യമായില്ല. നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയതിൽ നിന്നും നാളിതുവരെ ലഭിക്കാനുള്ള കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം

| ഇനം | Arrear(₹) | Current(₹) | Total(₹) |
|---|---|---|---|
| വാടക | 59,068 | 56,856 | 1,15,924 |

2. തൊഴിൽ നികുതി

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ 933 സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. എന്നാൽ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയത് രേഖപ്പെടുത്തുവാൻ രജിസ്റ്റർ പരിപാലിക്കുന്നില്ല. ആയതിനാൽ എത്ര സ്ഥാപനങ്ങൾ തങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട് എന്ന് വ്യക്തമല്ല. മാത്രമല്ല പല സ്ഥാപനങ്ങളും രണ്ട് അർദ്ധവർഷത്തിലേയും ജീവനക്കാരുടെ നികുതി അടവാക്കിയിട്ടുണ്ടോയെന്നും വ്യക്തമല്ല. ചില സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയപ്പോൾ റിട്ടേണുകളിൽ ജീവനക്കാരുടെ വരുമാനം രേഖപ്പെടുത്താതെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. തൊഴിൽ നികുതി കുടിശ്ശികയായി ₹2,47,494/- ലഭിക്കാനുള്ളതായി വാർഷിക കണക്കുകളിൽ കാണുന്നു.

3.ലൈസൻസ്

ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ നഗരസഭയുടെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് വ്യക്തമല്ല.

4. ജി.ഐ. പോളുകളുടെ വാടക

എയർടെൽ ടെലിസോണിക്ക് നെറ്റ് വർക്ക് ലിമിറ്റഡ്, ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ നഗരസഭ പരിധിക്കുള്ളിൽ പോളുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ നിന്നും വർഷാവർഷം 5% അധികം വർദ്ധനവിൽ വാടക ലഭിച്ചു വരുന്നു. എന്നാൽ വർഷം തിരിച്ച്

ലഭിക്കാനുള്ള വാടക തുകകളുടെ വിവരങ്ങൾ രേഖപ്പെടുത്തുവാനായി രജിസ്റ്റർ പരിപാലിക്കുന്നതായി കാണുന്നില്ല. 2022-23 സാമ്പത്തിക വർഷത്തിലെ എയർടെൽ ടെലിസോണിക്ക് നെറ്റ് വർക്ക് ലിമിറ്റഡ് 2021-22 ൽ സ്ഥാപിച്ച പോളുകളിൽ നിന്നും വാടക ഇനത്തിൽ 5% വർദ്ധനവ് വരുത്തിയ തുക ഈടാക്കിയിട്ടില്ല.

5. വിനോദ നികുതി

നഗരസഭ പരിധിയിലുള്ള ന്യൂക്ലിയസ് മാളിൽ പ്രവർത്തിക്കുന്ന പാൻ സിനിമാസ് എന്ന 2 സ്ക്രീനുകളോടുകൂടിയ സിനിമാ തീയറ്ററിൽ നിന്ന് 2022-23 സാമ്പത്തിക വർഷത്തിൽ വിനോദ നികുതി ഇനത്തിൽ ₹20,83,954/- നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്.

സിനിമാ തീയറ്ററിന്റെ മാനേജർ സാക്ഷ്യപ്പെടുത്തി നൽകുന്ന വിനോദ നികുതിയുടെ കളക്ഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായാണ് വിനോദ നികുതി സ്ഥാപനം അടവാക്കിയിരിക്കുന്നത്. എന്നാൽ സ്ഥാപനം ജി.എസ്.ടി വകുപ്പിലേക്ക് അടവാക്കിയിട്ടുള്ള റിട്ടേണുകൾ പ്രകാരമുള്ള ടിക്കറ്റുകളുടെ എണ്ണവും തീയറ്ററിന്റെ മാനേജർ സാക്ഷ്യപ്പെടുത്തി നൽകിയ ടിക്കറ്റുകളുടെ എണ്ണവും ഒന്ന് തന്നെയെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

6. വസ്തു നികുതി

വസ്തു നികുതി ഇനത്തിൽ നഗരസഭയ്ക്ക് തൻവർഷം വരെ ലഭിക്കാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വസ്തു നികുതി | തുക(₹) |
|---|---|---|
| 1 | തൻ വർഷം | 7545634.00 |
| 2 | മുൻ വർഷങ്ങളിലേത് | 3325006.10 |
| | ആകെ | 10,870,640.10 |

7. മറ്റ് വരവുകൾ

മറ്റ് വരവിനങ്ങളിൽ നിന്നും നഗരസഭയ്ക്ക് നാളിതുവരെ ലഭിക്കാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക(₹) |
|---|---|---|
| 1 | ലൈസൻസ് ഫീസ് (നടപ്പ് വർഷം) | 17,606.00 |
| 2 | വിവിധ വാടകകൾ (നടപ്പ് വർഷം) | 93,961.00 |
| 3 | വിവിധ വാടകകൾ (മുൻ വർഷങ്ങളിലേത്) | 28,947.00 |
| | ആകെ | 1,40,514.00 |

തനത് വരുമാനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

1. നഗരസഭ വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ നിന്നുള്ള വാടക കുടിശ്ശിക കൃത്യമായി ഈടാക്കേണ്ടതാണ് .

2. തൊഴിൽ നികുതി അടവാക്കുമ്പോൾ സമർപ്പിക്കുന്ന വരുമാന സ്റ്റേറ്റ്മെന്റുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതും അടവാക്കുന്ന നികുതിയുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്. ജീവനക്കാരുടെ തൊഴിൽ നികുതി പിരിക്കുന്നത് രേഖപ്പെടുത്തുവാനായി ഡിവിഷൻ തലത്തിലുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതും ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് കൃത്യമായി ഈടാക്കേണ്ടതുമാണ്.

3.നഗരസഭ പരിധിയിൽ ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഫീൽഡുതല പരിശോധന നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതും ഡിവിഷൻ അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് ഓരോ സാമ്പത്തിക വർഷത്തിലും ഫീൽഡുതല പരിശോധനയുടെ അടിസ്ഥാനത്തിൽ പുതുക്കേണ്ടതുമാണ്.

4. ജി.ഐ. പോളുകളുടെ എണ്ണം കൃത്യമായി രജിസ്റ്ററിൽ ചേർത്ത് വാടക ഡിമാന്റ് ചെയ്യേണ്ടതാണ്.

പോളുകളുടെ വാടക ഇനത്തിൽ ലഭിക്കേണ്ട 5% വർദ്ധനവ് തുകകൾ മേൽ സ്ഥാപനങ്ങളിൽ നിന്നും കൃത്യമായി ഈടാക്കേണ്ടതാണ്.

5. സിനിമാ തീയറ്റർ ജി.എസ്.ടി വകുപ്പിൽ അടവാക്കുന്ന റിട്ടേണുകളുടെ വിവരങ്ങൾ ആവശ്യപ്പെടേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ദിവസവും വിൽക്കുന്ന ടിക്കറ്റുകളുടെ എണ്ണം തീയറ്ററിന്റെ മാനേജർ സാക്ഷ്യപ്പെടുത്തി നൽകുന്ന വിനോദ നികുതിയുടെ കളക്ഷൻ റിപ്പോർട്ടിലേതുമായി താരതമ്യം നടത്തി കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

6. നഗരസഭ ഡിവിഷനുകളിലെ കെട്ടിടങ്ങളുടെ വർഷംതോറുമുള്ള വസ്തു നികുതി കുടിശ്ശിക റിപ്പോർട്ടുകൾ പ്രകാരം വസ്തു നികുതി ഇനത്തിൽ കുടിശ്ശിക വരുത്തുന്ന കെട്ടിടങ്ങളിൽ നിന്നും കുടിശ്ശിക ഈടാക്കുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

### 1-12 ഫ്ലക്സി ഡെപ്പോസിറ്റ് അക്കൗണ്ട് – അപാകതകൾ

2022-23 സാമ്പത്തിക വർഷത്തിൽ നഗരസഭയുടെ തനത് ഫണ്ട് നിക്ഷേപിക്കുന്ന പഞ്ചാബ് നാഷണൽ ബാങ്ക് സേവിംഗ്സ് അക്കൗണ്ട് നമ്പർ 7476001100000011 ൽ നിന്നും 'ഓട്ടോ സ്വീപ്പ്' സംവിധാനം വഴി പല തവണകളായി വിവിധ തുകകൾ പിൻവലിച്ച് ഫ്ലക്സി ഫിക്സഡ് ഡെപ്പോസിറ്റ് അക്കൗണ്ടുകളിലേയ്ക്ക് മാറ്റിയതായി കാണുന്നു. ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 16,72,00,000/- രൂപയാണ് വർഷാന്ത്യത്തിലുള്ള ഫ്ലക്സി ഫിക്സഡ് ഡെപ്പോസിറ്റ് നീക്കിയിരിപ്പ് . എന്നാൽ അക്കൗണ്ടിലേക്ക് വരുന്നതും പിൻവലിക്കുന്നതുമായ തുകകളുടെ സ്റ്റേറ്റ്മെന്റ് ലഭ്യമല്ല. ആയതിനാൽ ഫ്ലക്സി ഡെപ്പോസിറ്റ് അക്കൗണ്ടിലേക്ക് തുകകളുടെ വിവരങ്ങൾ പ്രസ്തുത സാമ്പത്തിക വർഷത്തെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ റീകൺസിലിയേഷൻ നടത്തി കൃത്യത വരുത്തേണ്ടതുമാണ്.

### 1-13 തൊഴിൽ നികുതി – അപാകതകൾ

2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയത് രേഖപ്പെടുത്തുവാൻ രജിസ്റ്റർ പരിപാലിക്കുന്നില്ല. ആയതിനാൽ എത്ര സ്ഥാപനങ്ങൾ തങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട് എന്ന് വ്യക്തമല്ല. മാത്രമല്ല പല സ്ഥാപനങ്ങളും രണ്ട് അർദ്ധവർഷത്തിലേയും ജീവനക്കാരുടെ നികുതി അടവാക്കിയിട്ടുണ്ടോയെന്നും വ്യക്തമല്ല.

2. ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയ റിട്ടേണുകളിൽ ചില സ്ഥാപനങ്ങൾ ജീവനക്കാരുടെ വരുമാനം രേഖപ്പെടുത്താതെ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്.

3. ബാലൻസ് ഷീറ്റിലെ ബി-15 ഷെഡ്യൂൾ പ്രകാരം തൊഴിൽ നികുതി കുടിശ്ശികയായി₹2,47,494/- ലഭിക്കാനുള്ളതായി കാണുന്നു.

4. ചില സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയപ്പോൾ കുറവ് വന്നിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര്/ സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം(₹) | ഈടാക്കേണ്ട തൊഴിൽ നികുതി(₹) | ഈടാക്കിയ തൊഴിൽ നികുതി(₹) | കുറവ് (₹) |
|---|---|---|---|---|---|---|
| 1 | നമിത എസ് ബാബു, ഇൻ ഹൗസ് പ്രോജക്റ്റ്സ്, മരട് | II | 80,640 | 750 | 600 | 150 |
| 2 | നരേന്ദ്രൻ എച്ച് നായർ, ഇൻസ്പിരേഷൻ, മരട് | II | 75,000 | 750 | 600 | 150 |
| 3 | ബിജിൻ ബാബു | II | 75,000 | 750 | 600 | 150 |

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 11.01.2024 ലെ 20ാം നം ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ തൊഴിൽ നികുതി പിരിക്കുന്നത് രേഖപ്പെടുത്തുവാനായി രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്നും, ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയപ്പോൾ കുറവ് വന്ന തുകകൾ ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തൊഴിൽ നികുതി അടവാക്കുമ്പോൾ സമർപ്പിക്കുന്ന സ്റ്റേറ്റ്മെന്റുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതും അടവാക്കുന്ന നികുതിയുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി / തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിയ്ക്ക് വിധേയനാകും. ആയതിനാൽ ജീവനക്കാരുടെ തൊഴിൽ നികുതി പിരിക്കുന്നത് രേഖപ്പെടുത്തുവാനായി വാർഡ് തലത്തിലുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതും ലൈസൻസ് ഈടാക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് കൃത്യമായി ഈടാക്കേണ്ടതുമാണ്. കുറവ് അടവാക്കിയ ജീവനക്കാരിൽ നിന്ന് മുഴുവൻ തുകയും ഈടാക്കേണ്ടതും കുടിശ്ശികയായി ലഭിക്കാനുള്ള തുക ₹247494/- ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 കെ.ജി.എ ഹോട്ടൽസ് & റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ വസ്തു നികുതി – കേസ്

നഗരസഭ പരിധിയിലുള്ള കെ.ജി.എ ഹോട്ടൽസ് & റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് (ഹോട്ടൽ ക്രൌൺ പ്ലാസ) എന്ന സ്ഥാപനത്തിന്റെ കെട്ടിടങ്ങളുടെ വസ്തു നികുതി 2012-13 സാമ്പത്തിക വർഷം മുതൽ പുനർനിർണ്ണയിച്ചതിന്റെ അടിസ്ഥാനത്തിൽ 04.08.2022 തീയതിയിൽ നഗരസഭയിൽ നിന്നും ടി സ്ഥാപനത്തിന് നോട്ടീസ് നൽകിയിരുന്നു. എന്നാൽ ടി തുക വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രസ്തുത വിഷയം സംബന്ധിച്ച് സ്ഥാപനം തദ്ദേശ സ്വയംഭരണ ട്രൈബ്യൂണൽ മുൻപാകെ നൽകിയിട്ടുള്ള RP 86/2023 എന്ന കേസിന്റെ നിലവിലെ സ്ഥിതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 11.01.2024 ലെ 24ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിടങ്ങളുടെ വസ്തു നികുതി 2012-13 മുതൽ പുനർനിർണ്ണയിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ₹1,70,22,944/- അടവാക്കുവാനായി 04.08.2022 തീയതിയിൽ നോട്ടീസ് നൽകിയിരുന്നുവെന്നും തുടർന്ന് ടിയാളുകൾ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതി മുൻപാകെ WP(c) 31400/2022 നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതും ടി കേസിന്റെ 16.11.2022 - ലെ വിധിന്യായത്തിൽ P/m2 –ന് ₹80/- നിരക്കിൽ വസ്തുനികുതി ഡിപ്പോസിറ്റായി നഗരസഭയിൽ ഒടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതും ആയതു പ്രകാരം 29691.66 M2 വരുന്ന ക്രൌൺ പ്ലാസ ഹോട്ടലിന്റെ ഏരിയയ്ക്ക് P/m2 -ന് ₹80/- അടിസ്ഥാന നികുതിയായി കണക്കാക്കി ആവശ്യമായ വർദ്ധനവുകളും ഇളവുകളും ചേർത്ത് ലൈബ്രറി സെസ്സ്, സർവ്വീസ് ചാർജ്ജ് എന്നിവ കൂടി ഉൾപ്പെടുത്തി ₹39,23,615/- 05.12.2023-ൽ നഗരസഭയിൽ ഡിപ്പോസിറ്റ് ആയി ഒടുക്കിയിട്ടുള്ളതും ബഹു.ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം ടി സ്ഥാപനം തദ്ദേശസ്വയംഭരണ ട്രിബ്യൂണൽ മുൻപാകെ RP 86/2023 നമ്പർ റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതുമാണെന്ന വിവരങ്ങൾ മറുപടിയിൽ ലഭ്യമാക്കി. ടി കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ നഗരസഭയ്ക്ക് ഈ കാര്യത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്നും ടി കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ കൃത്യത ഉറപ്പാക്കേണ്ടതും കേസിന്റെ തുടർനടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

പ്രസ്തുത കേസിന്റെ തീർപ്പിനാവശ്യമായ നടപടികൾ കൈക്കോളളണ്ടതും, കേസിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-15 ഹെബ്രോൺ പ്രോപ്പർട്ടീസ് എന്ന സ്ഥാപനം നൽകിയ പെർമിറ്റ് അപേക്ഷ നാളിതുവരെയും തീർപ്പാക്കിയിട്ടില്ല**

മരട് നഗരസഭ ഡിവിഷൻ 1-ൽ വില്ലേജ് ബ്ലോക്ക് 14, റീ-സർവ്വേ നമ്പർ 7/15,7/16 എന്നിവയിൽ ഉൾപ്പെട്ട സ്ഥലത്ത് ഗ്രൗണ്ട് ഫ്ളോറും, 13 നിലകളും അടങ്ങുന്ന കെട്ടിടം നിർമ്മിക്കുന്നതിന് നഗരസഭയിൽ നിന്നും 06.02.2018-ൽ അനിൽകുമാർ ശർമ്മ, എ.എം.വി ഇൻഫ്രാസ്ട്രക്ചേഴ്സ് & പ്രോപ്പർട്ടീസ് പ്രൈവറ്റ് ലിമിറ്റഡ്, ഡീൻ ജെയിംസ് മാത്യു, ഡയറക്ടർ, ഹെബ്രോൺ പ്രോപ്പർട്ടീസ് എന്ന പേർക്ക് റിവൈസ്ഡ് പെർമിറ്റ് അനുവദിക്കുകയും 10.06.2020 വരെ കെട്ടിട നിർമ്മാണാനുമതി പുതുക്കി നൽകുകയും ചെയ്തു. ടി കെട്ടിട നിർമ്മാണാനുമതി ദീർഘിപ്പിക്കുന്നതിനായി 12-05-2020-ൽ പ്രസ്തുത അപേക്ഷകർ അപേക്ഷ സമർപ്പിച്ചെങ്കിലും സ്ഥല പരിശോധന നടത്തിയതിൽ പ്രസ്തുത സ്ഥലം സ്ട്രക്ചറൽ പ്ലാൻ പ്രകാരം ഇൻഡസ്ട്രിയൽ സോണായതിനാൽ 300 ചതുരശ്ര മീറ്റർ വരെയുള്ള റസിഡൻഷ്യൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് മാത്രമേ അനുമതി നൽകുവാൻ കഴിയൂ എന്നതിനാൽ ടി അപേക്ഷ നിരസിക്കുകയാണ് ചെയ്തത്. ഇതിനെതിരെ നഗരസഭയെ ഒന്നാം എതിർ കക്ഷിയാക്കി ഹെബ്രോൺ പ്രോപ്പർട്ടീസ് WP(C) 4531/2022 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. ടി കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 27-05-2022 തീയതിയിൽ വിധി പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ അനുമതി ദീർഘിപ്പിക്കുന്നതിന് കഴിയില്ലെന്ന് അറിയിച്ചു കൊണ്ട് നഗരസഭ നൽകിയ നോട്ടീസ് പരിഗണിക്കുവാൻ കഴിയില്ലെന്നും പെർമിറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ പുന:പരിശോധിക്കേണ്ടതാണെന്നും കോടതി ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ടി ഉത്തരവ് അംഗീകൃത സ്ട്രക്ചറൽ പ്ലാൻ പ്രകാരമുള്ള സോൺ നിയമങ്ങളുടെ ലംഘനം പരിഗണിക്കപ്പെടാതെയുള്ളതാണെന്നതിനാൽ തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് 15-05-2013-ലെ 56164/ആർ.ഡി2/12/തസ്വഭവ നമ്പർ സർക്കുലർ പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണെന്ന സീനിയർ ടൗൺ പ്ലാനറുടെ 18-07-2022-ലെ TCPEKM/183/2022-B2 നമ്പർ കത്തിലെ നിർദേശ പ്രകാരം WP(C) 4531/2022 നമ്പരായി ഫയൽ ചെയ്ത കേസിൽ ബഹുമാനപ്പെട്ട കോടതി 27-05-2022 തീയ്യതിയിൽ പുറപ്പെടുവിച്ച വിധി ന്യായത്തിനെതിരെ നഗരസഭ WA 1795/2022 & 110 Of 2023 നമ്പരായി അപ്പീൽ ഫയൽ ചെയ്തിരുന്നു. പ്രസ്തുത അപ്പീലിൻമേൽ നഗരസഭ സമർപ്പിച്ച സത്യവാങ്ങ്മൂലം, ഡിജിറ്റൽ മാപ്പ് എന്നിവ പരിഗണിച്ച് നിലവിൽ റസിഡൻഷ്യൽ കെട്ടിടങ്ങൾ അധികമായുള്ള ടി ഭാഗം ഇൻഡസ്ട്രിയൽ സോണിൽ നിന്നും നീക്കുന്നത് പുനപരിശോധിക്കുന്നതിനായി കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണെന്ന് 14-03-2023 തീയതിയിൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൗൺസിലിന്റെ ഭാഗത്തു നിന്നും കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിവരങ്ങൾ, ഹെബ്രോൺ പ്രോപ്പർട്ടീസ് എന്ന സ്ഥാപനത്തിന്റെ പെർമിറ്റ് പുതുക്കി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ട് 18.01.2024 ലെ 51-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയതിൽ നിലവിൽ റസിഡൻഷ്യൽ കെട്ടിടങ്ങൾ അധികമായുള്ള ടി ഭാഗം ഇൻഡസ്ട്രിയൽ സോണിൽ നിന്നും നീക്കി റസിഡൻഷ്യൽ സോൺ ആക്കുന്നതിന് നഗരസഭ കൗൺസിൽ നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.

പ്രസ്തുത വിഷയത്തിൽ കൗൺസിലിന്റെ ഭാഗത്തുനിന്നും ആവശ്യമായ നടപടികൾ കൈക്കൊണ്ട് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-16 റസിഡൻഷ്യൽ ഫ്ലാറ്റ് ക്രമവത്കരിച്ചിട്ടില്ല**

മരട് നഗരസഭ 19 ഡിവിഷൻ മരട് വില്ലേജ്, ബ്ലോക്ക് നമ്പർ 13, റീസർവ്വെ നമ്പർ 321/1.2,3.5,6 എന്നിവയിൽ ഉൾപ്പെട്ട സ്ഥലത്ത് റസിഡൻഷ്യൽ ഫ്ളാറ്റ് ആവശ്യത്തിനായി നിർമ്മിച്ച കെട്ടിടം ക്രമവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീമതി ഐഷ എന്നയാൾ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

എന്നാൽ 2018-ലെ ക്രമവൽക്കരണ ചട്ടപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 30.09.2021 ആയിരുന്നു. എന്നാൽ ടിയാൾ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് 31.12.2021 തീയതിയിലാണെന്നും ആയത് നിയമപ്രകാരം പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്നും അപേക്ഷകയെ അറിയിച്ചു കൊണ്ട് കത്ത് നൽകിയിരുന്നു. 20.03.2023 തീയതിയിലെ 11.1 നമ്പർ കൗൺസിൽ തീരുമാനപ്രകാരം ഫീസിനത്തിൽ നഗരസഭയിൽ അടവാക്കിയ തുക ടിയാൾക്ക് തിരികെ നൽകുന്നതിനു തീരുമാനിച്ചിരുന്നു. എന്നാൽ ടിയാൾ തുക തിരികെ കൈപ്പറ്റിയില്ല. നിലവിൽ ടി കെട്ടിടം ക്രമവൽക്കരിച്ചിട്ടില്ല. ടി വിഷയവുമായി ബന്ധപ്പെട്ട് നിലവിൽ കേസുകൾ നിലവിലുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ, നഗരസഭാ കൗൺസിൽ കൈക്കൊണ്ട നടപടികളുടെ വിവരങ്ങൾ എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 20.01.2024 ലെ 63-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത കെട്ടിട നിർമ്മാണം ക്രമവൽകരിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ കേസുകൾ നിലവിലുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ടി കെട്ടിടം ക്രമവത്ക്കരിക്കുന്നത് സംബന്ധിച്ച് നഗരസഭാ കൗൺസിൽ കൈക്കൊണ്ട നടപടികളുടെ വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-16(i) വസ്തു നികുതി രേഖകൾ ലഭ്യമാക്കിയില്ല**

I) തൻ വർഷം വസ്തുനികുതി -സഞ്ചയ സോഫ്റ്റ് വെയർ വിവരങ്ങൾ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല

Ii) വസ്തു നികുതി കുടിശ്ശികയായി വാർഷിക ധനകാര്യ പത്രികയിൽ ₹1,08,70,640/- രൂപ ചേർത്തിട്ടുണ്ട്. ഇവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ കൃത്യമായ രേഖകൾ ലഭ്യമാക്കിയില്ല കൂടാതെ വസ്തുനികുതി കുടിശ്ശികയായിട്ടുള്ള കെട്ടിടങ്ങളുടെ , സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല.

Iii) U/A കെട്ടിട നിർമ്മാണ രജിസ്റ്റർ അപൂർണ്ണമാണ്.

Iv) വസ്തു നികുതികുടിശ്ശികയായി തൻവർഷം ₹13981147/- പിരിവ് നടത്തിയിട്ടുണ്ട്. എന്നാൽ ഇവ സംബന്ധിച്ച വസ്തു നികുതി കുടിശ്ശിക ഫയൽ രേഖകൾ എന്നിവ ലഭ്യമാക്കിയില്ല.

V) ഇന്റസ്ട്രിയൽ ഏരിയയിലെ കെട്ടിട നിർമ്മാണം - സർക്കാരിൽ നിന്നും ഉത്തരവ് ലഭ്യമാക്കിയില്ല.

**1-17 നിലം തരം മാറ്റാതെ മാളിനു പെർമിറ്റ്, ഒക്കുപ്പൻസി**

മരട് നഗരസഭയിലെ പെർമിറ്റ്/ഒക്കുപ്പൻസി ഫീസ് അടവ് വിവരങ്ങൾ പരിശോധിച്ചതിൽ, "M/s. പ്രസ്റ്റീജ് ഫോറം മാൾ" (ഫയൽ നം E2/3980/2023) എന്ന സ്ഥാപനത്തിന്റെ 22.03.2023 ലെ ഒക്കുപ്പൻസി അപേക്ഷ പ്രകാരം 31.05.2023 ൽ നഗരസഭ, മാളിന് പാർഷ്യൽ ഒക്കുപ്പൻസി (N0. E1/A3/2393/2011) നൽകിയിട്ടുണ്ട്. കണയന്നൂർ താലൂക്കിൽ മരട് വില്ലേജിൽ ബ്ലോക്ക് 13 ൽ ഉൾപ്പെട്ട റീസർവേ നമ്പരുകളിലുള്ള 10.145 ഹെക്ടർ ഭൂമിയിൽ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നതും പാർഷ്യൽ ഒക്കുപ്പൻസി നൽകിയിരിക്കുന്നതുമായ ടി നിർമ്മിതി നടത്തിയിരിക്കുന്ന ഭൂമിയുടെ തരം "നിലം" എന്നാണ് മരട് വില്ലേജ് ഓഫീസിൽ നിന്നും ലഭ്യമാക്കിയിരിക്കുന്ന 30.06.2023 ലെ 79024054 നമ്പർ കൈവശാവകാശ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ ഭൂമി സംബന്ധിച്ച്, ഡാറ്റാ ബാങ്കിൽ നിന്ന് ഒഴിവാക്കിയതായി നഗരസഭ ഗസറ്റ് വിജ്ഞാപനം നടത്തിയതായി അവകാശപ്പെടുന്നുണ്ടെങ്കിലും റവന്യൂ രേഖകളിൽ തരംമാറ്റൽ നടത്തി ഭൂനികുതി പുനർനിർണയിച്ചിട്ടില്ല. ഈ "നിലത്തിന്റെ" സ്വഭാവവ്യതിയാനം വരുത്തിയിട്ടുണ്ടെങ്കിൽ പരിവർത്തിത ഭൂമി എന്ന ഇനത്തിൽ കരമടച്ച രസീത് ഹാജരാക്കേണ്ടതായിരുന്നു. എന്നാൽ ആയത് ഫയലിൽ ഇല്ല, പരിവർത്തിത ഭൂമിക്ക് കരമടച്ച രസീത് ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

എ) കെട്ടിട നിർമ്മാണ നിയമത്തിന്റെ ലംഘനം : (Chapter XA As Per Rule 15 A Of KMBR 1999 And Rule 17 Of KPBR 2011) 26.04.2008 ലെ A(2)47/08-09 നമ്പർ ഇനിഷ്യൽ പെർമിറ്റ്, പത്ത് വർഷങ്ങൾക്കു ശേഷം സമിതിയുടെ XA Committee തീരുമാനത്തിന്റെ (Committee Constituted Under Chapter XA As Per Rule 15 A Of KMBR 1999 And Rule 17 Of KPBR 2011) അടിസ്ഥാനത്തിൽ പെർമിറ്റ് ഫീസിന്റെ 50% അടവാക്കി കാലാവധി ദീർഘിപ്പിക്കൽ നടത്തുകയും എന്നാൽ ടി ദീർഘിപ്പിക്കൽ പെർമിറ്റിൽ (26.05.2018,E1/BA/A3/2396/2011) "New Construction" എന്ന് രേഖപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ പിന്നീട് ഈ നിർമ്മാണത്തെ പുതിയ പെർമിറ്റായി പരിഗണിച്ചുകൊണ്ട് വീണ്ടും 5 വർഷത്തേക്ക് (17.01.2026വരെ) കാലാവധി ദീർഘിപ്പിച്ചു നൽകുകയുമാണ് ചെയ്തിട്ടുള്ളത്. 9 വർഷത്തിനു ശേഷമുള്ള ദീർഘിപ്പിക്കൽ ആയതിനാൽ XA Committee യുടെ തീരുമാനത്തിനു വിട്ടുകൊണ്ട് (XA Committee Minutes Dtd. 15.12.2017) സമിതി തീരുമാനത്തിനു വിധേയമായാണ് നഗരസഭ ദീർഘിപ്പിക്കൽ നടത്തിയത്. ടി സമിതി തീരുമാനം പ്രകാരം മൂന്നു വർഷം വീതമാണ് കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നത്. അതായത് 17.01.2021 മുതൽ 17.01.2024 വരെ 3 വർഷത്തേക്കാണ് കാലാവധി നീട്ടി നൽകാവുന്നത്. ഓരോ തവണ പെർമിറ്റ് കാലാവധി ദീർഘിപ്പിക്കുന്നതിന് ദീർഘിപ്പിക്കൽ സമയത്ത് നിലവിലുള്ള നിരക്കിലുള്ള പെർമിറ്റ് ഫീസാണ് ബാധകമായത്. ഇത് പരിഗണിക്കാതെയാണ് നഗരസഭ പാർഷ്യൽ ഒക്കുപ്പൻസി നല്കിയത്. ഇതിനാൽ നഗരസഭയ്ക്ക് പെർമിറ്റ് ഫീസിനത്തിൽ സാമ്പത്തിക നഷ്ടം സംഭവിക്കുന്നതിനാൽ തുടർ നടപടികളിൽ ഇതു സംബന്ധിച്ച നിജസ്ഥിതി പരിശോധിച്ച് തീരുമാനം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.39/17.01.2024) നൽകിയിരുന്നു. ആയതിന് നഗരസഭ ലഭ്യമാക്കിയ മറുപടി പരിഗണിച്ചുകൊണ്ടാണ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.

പെർമിറ്റ് ഫീസിനത്തിൽ മാത്രമുള്ള സാമ്പത്തികനഷ്ടത്തിന്റെ ഏകദേശരൂപം താഴെ ചേർക്കുന്നു. 86,735.90 ച. മീറ്റർ മാൾ ഏരിയക്കാണ് പാർഷ്യൽ ഒക്കുപൻസി നൽകിയിട്ടുള്ളത്. ബാക്കി ഏരിയ പണി പൂർത്തീകരിച്ചിട്ടില്ല. നിലവിൽ റസിഡൻഷ്യൽ ഏരിയയുടെ പണി ആദ്യഘട്ടം മാത്രമേ പൂർത്തിയായിട്ടുള്ളൂ. ആയതിനാൽ ഇതിന് 10.04.2023 മുതൽ പ്രാബല്യമുള്ള, 31.03.2023 ലെ സർക്കാർ ഉത്തരവ് നമ്പർ (കൈ) നം. 85/2023 LSGD TVPM തസ്വഭവ (ആർഎ) വകുപ്പ് പ്രകാരമുള്ള പരിഷ്കരിച്ച നിരക്കിലുള്ള പെർമിറ്റ് ഫീസ് ബാധകമാണ്. റസിഡൻഷ്യൽ ഏരിയ കണക്കാക്കിയാൽ 57552.87m2x200=₹1,15,10,574/- പെർമിറ്റ് ഫീസിനത്തിൽ ഒടുക്കേണ്ടതാണ്. അതിനാൽ പെർമിറ്റ് കാലയളവ് ദീർഘിപ്പിച്ച് നൽകിയതിലെ അപാകത പരിഹരിച്ച് തുക ഈടാക്കേണ്ടതാണ്. KMBR 1999 And Rule 17 Of KPBR 2011 പ്രകാരം 17.01.2024ന് അവസാനിച്ച പെർമിറ്റ് കാലാവധി വീണ്ടും ദീർഘിപ്പിച്ചതിന്റെ വിവരങ്ങൾ, ലാപ്സ്ഡ് പീരിയഡിനു ബാധകമായ പെർമിറ്റ് ഫീസ് ഈടാക്കിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. നിലവിൽ റസിഡൻഷ്യൽ ഏരിയ നിർമ്മാണത്തിനുള്ള പെർമിറ്റ് കാലാവധി അവസാനിച്ചിരിക്കുന്നതിനാൽ ആയതിന് ബാധകമായ നിരക്കിൽ (പുതിയ നിരക്കിലോ പഴയ നിരക്കിലോ) പെർമിറ്റ് ഫീസ് അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം റഗുലറൈസേഷൻ ഫീസ് ഈടാക്കേണ്ടതാണ്.

പെർമിറ്റ്/ ഒക്കുപൻസി സംബന്ധിച്ച ഫയൽ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പെർമിറ്റ് വിവരങ്ങൾ | റിമാർക്ക്സ് |
|---|---|---|
| 1 | നിർമ്മാണത്തിനായുള്ള ഇനിഷ്യൽ പെർമിറ്റ് | "മരട്" ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലയളിവിലെ |

| | | |
|---|---|---|
| | തീയതി, നം. 26.04.2008, A (2) 47/08-09 | പെർമിറ്റ് (26.04.2008 To 25.04.2011) ഒറിജിനൽ പെർമിററ് ഇല്ല. കോപ്പിയാണ് ഫയലിൽ ഉള്ളത്. ഇതിന്റെ ആധികാരികത വ്യക്തമല്ല. മാത്രമല്ല നിർമ്മാണം നടത്തിയിരിക്കുന്ന പരിവർത്തിത ഭൂമിയുടെ ഭൂനികുതി അടവാക്കിയ (കരമടച്ച) രസീതിന്റെ അടിസ്ഥാനത്തിലാണോ ഇനിഷ്യൽ പെർമിറ്റ് അനുവദിച്ചിരിക്കുന്നത് എന്നതും വ്യക്തമല്ല. ടി ഇനിഷ്യൽ പെർമിറ്റ് പല തവണ ദീർഘിപ്പിച്ച് നൽകിയാണ് നിലവിലെ പാർഷ്യൽ ഒക്കുപൻസി നൽകിയിരിക്കുന്നത് എന്നതിനാൽ പരിവർത്തിത ഭൂമിയുടെ കരമടച്ച രസീതിന്റെ അഭാവത്തിൽ മേൽ പെർമിറ്റ്/ ഒക്കുപൻസി അനുവദിച്ചത് ക്രമ വിരുദ്ധമാണ്. ഇനിഷ്യൽ പെർമിറ്റ് സംബന്ധിച്ച രജിസ്റ്റർ രേഖപ്പെടുത്തലുകൾ, ഫീസ് അടവ് വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല. |
| 2. | 3 വർഷം വീതം പെർമിറ്റ് കാലാവധി ദീർഘിപ്പിച്ചു നൽകി 25.04.2011 To 24.04.2014, And 24.04.2014 To 25.04.2017 | നഗരസഭ കാലയളവ് ( ഇനിഷ്യൽ പെർമിറ്റിന്റെ കോപ്പിയിൽ സീലടിച്ച് രേഖപ്പെടുത്തി) ടി പെർമിറ്റ് ദീർഘിപ്പിക്കൽ സംബന്ധിച്ച രജിസ്റ്റർ രേഖപ്പെടുത്തലുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. |
| 3. | | 9 വർഷത്തിനു ശേഷമുള്ള ദീർഘിപ്പിക്കൽ ആയതിനാൽ XA Committee യുടെ തീരുമാനത്തിനു വിട്ടു. (Committee Constituted Under Chapter XA As Per Rule 15 A Of KMBR 1999 And Rule 17 Of KPBR 2011) |

| | | |
|---|---|---|
| 4. | (As Per XA Committee Minutes Dtd 15.12.2017) പത്തു വർഷത്തിനു ശേഷം പെർമിറ്റ് പുതുക്കി നൽകിയ തീയതി , നം./ കാലാവധി<br><br>First<br>26.05.2018 , E1/BA/A3/2396/2011<br><br>26.04.2017 To 17.01.2018 And 18.01.2018 To 17 01.2021 ഈ ദീർഘിപ്പിക്കലിനെ "New Construction" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.<br><br>Second<br><br>17 01.2021 മുതൽ 17.01.2026 വരെ വീണ്ടും കാലാവധി പുതുക്കിയതായി ഇതേ പെർമിറ്റിൽ രേഖപ്പെടുത്തി നൽകിയിട്ടുണ്ട് | സമിതി തീരുമാനം നമ്പർ 4 പ്രകാരം മൂന്ന് വർഷക്കാലത്തേക്ക് വീതമാണ് പെർമിററ് പുതുക്കി നൽകാവുന്നത്(As Per XA Committee Minutes Dtd 15.12.2017)<br><br>17 01.2021 മുതൽ 17.01.2024 വരെ 3 വർഷത്തേക്കാണ് കാലാവധി നീട്ടി നൽകാവുന്നത് എന്നാൽ 10.11.2020 ൽ വീണ്ടും 5 വർഷത്തേക്ക് കാവാവധി പുതുക്കി നൽകിയിട്ടുണ്ട്. (17.01.2026 വരെ) |
| 5. | മേൽ പുതുക്കലിനു ബാധകമായ ഫീസ്<br><br>ദീർഘിപ്പിക്കൽ സമയത്ത് നിലവിലുള്ള പെർമിറ്റ് ഫീസ് പ്രകാരം സമിതി തീരുമാനിച്ചത്. | As Per XA Committee Minutes Dtd 15.12.2017, 50 % Of Building/development Permit Fee In Force) And The Same For The Lapsed Period. |
| ഇപ്രകാരം ഈടാക്കേണ്ട പെർമിറ്റ് ഫീസ് | | |
| 6. | വിസ്തീർണ്ണം - ച.മീ.<br><br>പാർപ്പിടാവശ്യം - 57552.87<br>വാണിജ്യാവശ്യം - 96433.48<br>അനുബന്ധ കെട്ടിടങ്ങൾ - 693.00<br>--------------<br>ആകെ - 1,54,679.35 | First<br><br>പാർപ്പിടാവശ്യം - 57552.87 X7 = 402870.09<br><br>വാണിജ്യാവശ്യം- 96433.48 X10 = 964334.8<br>അനുബന്ധകെട്ടിടങ്ങൾ - 693.00x10 = 6930<br>--------------<br>13,74,135x.5 =687067.5+<br>13,74,135x.5=687067.5<br>--------------------<br>13,74,135/-<br><br>Second<br><br>13,74,135x .5=6,87,067.5 |

ബി) ഇതിന്റെ നിർമ്മാണാനുമതി/ഒക്കുപ്പൻസി സംബന്ധിച്ച് താഴെ ചേർക്കുന്നവയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു.

1) പത്ത് വർഷത്തിനു ശേഷമുള്ള ദീർഘിപ്പിക്കലിന് പെർമിറ്റ് ഫീസ് ഇനത്തിൽ ആദ്യം അടവാക്കേണ്ട തുകയായ ₹13,74,135/-യും രണ്ടാമത്തെ പുതുക്കലിന് ഈടാക്കേണ്ട 13,74,135 X.5 =₹6,87,067.5 യും അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2) ഡവലപ്മെന്റ് പെർമിറ്റ് ഫീസ് വിവരങ്ങൾ.

ഡവലപ്മെന്റ് ഫീസ് ഈടാക്കേണ്ടത്

ഡവലപ്മെന്റ് ഫീസ് @750/are

പ്ലോട്ട് ഏരിയ 10.18 Acre

=411.97 Ares X750

=308977.5

= ₹3,08,978/-

മേൽ പെർമിറ്റ് ഫീസുകൾ, നഗരസഭ ഡിമാൻറ് ചെയ്തതിലും കമ്പനി അടവാക്കിയതിലും പൊരുത്തക്കേടുകൾ ഉണ്ട്. മേൽ തുകകൾ സംബന്ധിച്ച് കമ്പനിക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഇതേത്തുടർന്ന് 09.02.2024ൽ ₹11,30,873/- (പെർമ്മിറ്റ് റിന്യൂവൽ ഫീസ് ₹7,56,532/-, ഡെവലപ്പ്മെന്റ് ഫീസ് ₹3,74,341/-) അടവാക്കിയതായി 24.2.2024 ൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. രസീതുകൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. റിന്യൂവൽ ഫീസിനത്തിൽ കുടിശ്ശിക വരുവാനുണ്ടായ സാഹചര്യത്തിന് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് പരാമർശങ്ങൾക്ക് ഓരോന്നിനും വ്യക്തവും കൃത്യവുമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

3) മരട് സബ് രജിസ്ട്രാർ ഓഫീസിലെ 06.06.2007 തീയതിയിലെ 2969/07 നമ്പർ ആധാരപ്രകാരമാണ് ടി ഭൂമി M/s. തോംസൺ റീയൽട്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് വാങ്ങിയിരിക്കുന്നത്. 2008 ലെ കേരള നെൽവയൽ സംരക്ഷണ ചട്ടങ്ങൾ 12. 27 എ വകുപ്പ് (2) ഉപവകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ആയവ പാലിച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതാണ്.

4) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ, 2008(24.12.2008 മുതൽ പ്രാബല്യം) പ്രകാരം, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി (Unnotfied Land2(xviഎ) എന്നാൽ വില്ലേജ് ഓഫീസുകളിൽ സൂക്ഷിക്കുന്ന അടിസ്ഥാന ഭൂനികുതി രജിസ്റ്ററിൽ (ബി.റ്റി.ആർ.) നെൽവയലായോ തണ്ണീർത്തടമായോ ഉൾപ്പെടുത്തിയിട്ടുള്ളതും എന്നാൽ നിയമത്തിലെ വകുപ്പ് 5(4)പ്രകാരം നെൽവയലായോ തണ്ണീർത്തയമായോ വിജ്ഞാപനം ചെയ്യപ്പെടാത്തതുമായ ഭൂമി. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ചട്ടം 12(9) പ്രകാരം, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്ന അപേക്ഷയിൽ ചട്ടങ്ങൾക്ക് അനുബന്ധമായുള്ള പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള നിരക്കിലുള്ള തുകയ്ക്ക് ഡിമാന്റ് ഡ്രാഫ്റ്റോ അല്ലെങ്കിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന പ്രസ്തുത തുക കാർഷികാഭിവൃദ്ധി ഫണ്ടിലേക്ക് അടച്ചതിന്റെ തെളിവോ ഹാജരാക്കുന്നതിന്മേൽ അപ്രകാരം അനുമതി നൽകപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം, സർവ്വേ നമ്പർ എന്നിവ വിശദമാക്കിക്കൊണ്ട് റവന്യൂ ഡിവിഷണൽ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. 2018 ലെ കേരള നെൽവയൽ തണ്ണീർത്തടസംരക്ഷണ (ഭേദഗതി) നിയമത്തിലെ ചട്ടം 12(9) പ്രകാരം ഇപ്രകാരം അനുമതി നൽകപ്പെട്ട വസ്തുവിൽ 3000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്ന പക്ഷം അധികമായി നിർമ്മിക്കുന്ന ഓരോ ചതുരശ്ര അടിക്കും ₹100 കണക്കിൽ സർക്കാരിലേക്ക് 0029-800-88 എന്ന ശീർഷകത്തിൽ ഫീസ് ഒടുക്കേണ്ടതാണ്. അപ്രകാരം സ്വഭാവ വ്യതിയാനം അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും അതിനായി അടവാക്കിയ ഫീസിന്റെ വിവരങ്ങളും ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. വിവരങ്ങൾ ലഭ്യമാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

5) അപേക്ഷ അനുവദിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ കൂടുതലാകുന്നിടത്ത്, ജലസംരക്ഷണ നടപടികൾക്കായി അപ്രകാരമുള്ള ഭൂമിയുടെ പത്ത് ശതമാനം നീക്കിവയ്ക്കേണ്ടതാണ്

{27 (എ) 2}. ഇപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് ഇതു സംബന്ധിച്ച സ്കെച്ച് ലഭ്യമാക്കുവാൻ നോട്ടീസ് നൽകിയിച്ചുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. നീക്കിവച്ച ഭൂമിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

6) കെട്ടിട നമ്പർ, കെട്ടിട നികുതി നിർണ്ണയവിവരങ്ങൾ എന്നിവ മറുപടിയോടൊപ്പം ലഭ്യമാക്കിയത് പ്രകാരം, കെട്ടിട നമ്പരുകൾ 2/288 A തുടങ്ങിയവയിൽ ആകെ 58 കടമുറികൾ ഉണ്ട്. ടി വിവരങ്ങൾ അടുത്ത ഓഡിറ്റിൽ പരിശോധിക്കുന്നതാണ്.

7) 2008ൽ മരട് ഗ്രാമപഞ്ചായത്തിന്റെ കാലയളവിൽ നൽകിയ ഇനിഷ്യൽ പെർമിറ്റിൽ വിവിധ ഘട്ടങ്ങളിൽ ദീർഘിപ്പിക്കൽ നടത്തി 15 വർഷങ്ങൾക്കുശേഷം നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ച് 22.03.2023 പാർഷ്യൽ ഒക്കുപൻസി അപേക്ഷ നൽകിയതു പ്രകാരമാണ് നഗരസഭ 31.05.2023 ൽ പാർഷ്യൽ ഒക്കുപ്പൻസി (N0. E1/A3/2393/2011) ലഭ്യമാക്കിയിട്ടുള്ളത്. നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ വരുന്ന വിഷയമായതിനാൽ (XA Committee Minutes Dtd. 15.12.2017) 9 വർഷത്തിനു ശേഷം സമിതി തീരുമാനത്തിനു വിധേയമായാണ് ദീർഘിപ്പിക്കൽ നടത്താൻ നഗരസഭയ്ക്ക് അനുവാദമുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ നിജസ്ഥിതി പരിശോധിക്കുകയും ഇനിഷ്യൽ പെർമിറ്റിൽ വിവിധ ഘട്ടങ്ങളിൽ ദീർഘിപ്പിക്കൽ നടത്തിയിട്ടുള്ളതിനാൽ ടി വിവരങ്ങൾ വിശദമായി പരിശോധിച്ച് അപാകതകളില്ലെന്ന്, ഒക്കുപൻസി നൽകുന്ന അവസരത്തിൽ ഉറപ്പുവരുത്തേണ്ടതുമായിരുന്നു. ഇപ്രകാരം ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. മാളിന് പാർഷ്യൽ ഒക്കുപ്പൻസി നൽകിയിട്ടുള്ളതിനാൽ ഇനിയുള്ള ഒക്കുപ്പൻസി/പെർമിറ്റ് ദീർഘിപ്പിക്കൽ എന്നിവയിൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

8) നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് , സെക്ഷൻ 27 C(2)ലെ വ്യവസ്ഥകൾ പ്രകാരം, നെൽവയലോ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയോ യഥാവിധി പരിവർത്തനപ്പെടുത്തുന്നിടത്ത്, തഹസീൽദാർ, 1961 ലെ കേരള ഭൂനികുതി ആക്ടിന്റെ (1961 ലെ 13) 6 എ വകുപ്പ് പ്രകാരം ഭൂനികുതി വീണ്ടും തിട്ടപ്പെടുത്തേണ്ടതും അപ്രകാരമുള്ള ഭൂമിയെ സംബന്ധിച്ച റവന്യൂ രേഖകളിൽ ആവശ്യമായ കുറിപ്പുകൾ രേഖപ്പെടുത്തേണ്ടതുമാണ്. ഇതു പ്രകാരമുള്ള പരിവർത്തന വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്. പെർമിറ്റ്/ഒക്കുപൻസി അപേക്ഷകളിൽ അപാകതകൾ ഇല്ലെന്ന് ഉറപ്പുവരുത്തി തീരുമാനങ്ങൾ എടുക്കുന്നതിന് മേലിൽ ശ്രദ്ധിക്കേണ്ടതാണ്. നിലവിൽ പെർമിറ്റ് ദീർഘിപ്പിക്കൽ വിവരങ്ങൾ ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ടി നടപടിക്രമങ്ങളിലെ അപാകതകൾ പരിഹരിച്ച് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 02.12.2015 ലെ 12900/ആർ എ 1/2015/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷകൾ ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറന്റ് നമ്പറിന്റെ ക്രമത്തിൽ തന്നെ കെട്ടിട നിർമ്മാണാനുമതി രജിസ്റ്ററിൽ ചേർക്കേണ്ടതും തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

9) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 1999 ലെ ചട്ടം 15 A, ക്രമ നം. (4) പ്രകാരം ഒമ്പത് വർഷക്കാലയളവിന് ശേഷവും പെർമിറ്റ് നീട്ടുകയോ പുതുക്കുകയോ ചെയ്യേണ്ട സംഗതികളിൽ, അപേക്ഷകൻ ഈ ചട്ടങ്ങളിലെ XA അദ്ധ്യായ പ്രകാരം രൂപീകരിച്ചിട്ടുള്ള കമ്മിറ്റിക്ക് രേഖാമൂലം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ചട്ടങ്ങളിലെ ക്രമ നം.(7) പ്രകാരം അപേക്ഷയിൽ ആവശ്യമായത്രയും കോർട്ട് ഫീ സ്റ്റാമ്പ് പതിക്കേണ്ടതും കാലവധി നീട്ടേണ്ടതോ പുതുക്കേണ്ടതോ ആയ അസ്സൽ പെർമിറ്റും അംഗീകൃത പ്ലാനും ഉൾപ്പെടുത്തേണ്ടതുമാണ്. അസ്സൽ പെർമിറ്റ് ലഭ്യമല്ലാതിരുന്ന സാഹചര്യത്തിലാണ് ഒമ്പത് വർഷത്തിനു ശേഷമുള്ള ദീർഘിപ്പിക്കൽ പെർമിറ്റിൽ “New Construction” എന്ന് രേഖപ്പെടുത്തി നൽകിയത്. മരട്, നിർമ്മാണ മേഖലയിൽ അതിവേഗം വളർന്നുകൊണ്ടിരിക്കുന്നതും ഈ മേഖലയിൽ ഇതിനു മുൻപ് ദേശീയ ശ്രദ്ധ ആകർഷിച്ച വിഷയങ്ങൾ

സംഭവിച്ചതുമായ നഗരസഭ ആയതിനാൽ മറ്റ് നിർമ്മാണങ്ങളിലും പെർമിറ്റ്/ഒക്കുപൻസി അനുവദിക്കുമ്പോൾ അപാകതകൾ ഒഴിവാക്കി അതീവ ജാഗ്രതയോടെ പ്രവർത്തിക്കുന്നതിനായി വിഷയത്തിന്റെ ഗൗരവത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. കരമടച്ച രസീതിന്റെ അഭാവത്തിൽ "നിലം തരം മാറ്റൽ" ഇനത്തിൽ സർക്കാരിന് ലഭിക്കേണ്ടതായ തുകകൾ നഷ്ടമാകും എന്നതിനാൽ ടി കെട്ടിടങ്ങൾ (മാൾ, റസിഡൻഷ്യൽ അപ്പാർട്ട്മെന്റ്സ്) സംബന്ധിച്ച അടിസ്ഥാന രേഖയായ ഭൂനികുതി രസീത് ആവശ്യപ്പെടേണ്ടതും രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ഇനിഷ്യൽ പെർമിറ്റിന്റെ അസ്സൽ, തുടർന്നുള്ള തുടർന്നുള്ള ദീർഘിപ്പിക്കൽ സംബന്ധിച്ച രജിസ്റ്റർ രേഖപ്പെടുത്തലുകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയില്ല. പരിവർത്തിത ഭൂമിയുടെ കരമടച്ച രസീത് എന്നിവയുടെ അഭാവത്തിൽ അനുവദിച്ചിട്ടുള്ള, മേൽ പെർമിറ്റ്/ഒക്കുപൻസി ക്രമ വിരുദ്ധമാണ്. പരിവർത്തിതഭൂമിയുമായി ബന്ധപ്പെട്ടസർക്കാർ ഉത്തരവുകളും റവന്യൂ വകുപ്പിൽ നിന്നും ലഭ്യമായ രേഖകളും തെളിവുകളും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

## 1-18 ബിൽഡിംഗ് പെർമിറ്റ് /ഒക്കുപൻസി അനുവദിക്കുന്നതിലെ പൊതു അപാകതകൾ

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ യഥാസമയം ഉൾപ്പെടുത്തുന്നില്ല. ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച തീയതി, പുതുക്കിയ അല്ലെങ്കിൽ എക്സ്റ്റൻഷൻ അപേക്ഷാ തീയതി, ഈടാക്കിയ തുക, ഏരിയ തുടങ്ങിയ പൂർണ്ണമായ വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുമ്പോൾതന്നെ സ്ഥലം നിലമാണോ, പുരയിടമാണോ എന്നും, വ്യവസായ ഏരിയ ആണോ എന്നീ കാര്യങ്ങൾ ശരിയാംവണ്ണം പരിശോധന നടത്തി അനുവദിക്കാത്തതിനാൽ പിന്നീട് പല നിയമലംഘനങ്ങളും ശ്രദ്ധിക്കപ്പെടുന്നുണ്ട്.

നടപ്പ് സാമ്പത്തിക വർഷം ഒക്കുപ്പൻസി അനുവദിച്ചത് സംബന്ധിച്ച രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

CRZ മേഖലയിലെ/വ്യവസായ മേഖലയിലെ അനധികൃത നിർമ്മാണം - ക്രമവൽക്കരണം സംബന്ധിച്ച കൃത്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 02.12.2015 ലെ 12900/ആർ എ 1/2015/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷകൾ ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറന്റ് നമ്പറിന്റെ ക്രമത്തിൽ തന്നെ കെട്ടിട നിർമ്മാണാനുമതി രജിസ്റ്ററിൽ ചേർക്കേണ്ടതും തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്. മേൽ ഉത്തരവ് പ്രകാരം രജിസ്റ്റർ പരിപാലിച്ച് രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

**1-18-1 കെട്ടിട നിർമ്മാണ അനുമതികൾ -കൺവെർഷൻ ഫീസ് വിവരങ്ങൾ ആവശ്യപ്പെടേണ്ടതാണ്.**

1. സ്വഭാവവ്യതിയാനം അനുവദിച്ച ഭൂമിയിലുള്ള കെട്ടിട നിർമ്മാണ അനുമതികൾ

ശ്രീ. ബിപിൻ ആൻഡ്രൂസ് 15G Skyline Topaz ന്റെ 31.12.2021 ലെ അപേക്ഷ പ്രകാരം ബിൽഡിംഗ് പെർമിറ്റ് നം. E2-BA 357-2020 Dtd. 14.01.2022 അനുവദിച്ചിട്ടുണ്ട്. നിർമ്മാണം പുരോഗമിക്കുന്നു. കെട്ടിടം നിർമ്മിക്കുന്ന പ്ലോട്ട്, ജില്ലാ കളക്ടറുടെ K3-4796/19 Dtd.20.12.2019 ഉത്തരവ് പ്രകാരം സ്വഭാവവ്യതിയാനം അനുവദിച്ച പുരയിടമാണ്. ടി ഉത്തരവിലെ നിബന്ധന പ്രകാരം 3000 ച. അടി കെട്ടിടം നിർമ്മിക്കുവാൻ അനുമതി ലഭിച്ചിട്ടുള്ളതും അധികം ഏരിയ ഉള്ള പക്ഷം കൺവെർഷൻ ഫീസ് പുനർ നിശ്ചയിക്കേണ്ടതുമാണെന്ന് കാണുന്നു. ഇപ്രകാരമുള്ള തുക അടവാക്കിയതിന്റെ വിവരങ്ങൾ നഗരസഭ ആവശ്യപ്പെട്ടതിന് ഹൈക്കോടതിയിൽ നിന്നും ഇടക്കാല ഉത്തരവ് (17.12.2021) ലഭ്യമാക്കി പെർമിറ്റ് അനുവദിക്കുകയാണുണ്ടായത്. WPC No. 29603/2021(A) യുടെ അന്തിമ ഉത്തരവ് വരുന്ന മുറയ്ക്ക് അധികഫീസ് ഈടാക്കുന്നതിന് തീരുമാനിക്കാവുന്നതാണെന്ന നിബന്ധനയോടെയാണ് ടി പെർമിറ്റ് അനുവദിച്ചിട്ടുള്ളത് എന്നതിനാൽ ടി കെട്ടിടത്തിന്റെ ഒക്കുപൻസി മേൽ തീരുമാനത്തിനു വിധേയമായി മാത്രം നൽകേണ്ടതാണ്. അടവാക്കേണ്ട തുകയുടെ വിവരങ്ങൾ ചേർക്കുന്നു.
പ്രൊപോസ്ഡ് ഏരിയ 3677.02 M2 = 39564.73 Sq.ft – 3000 Sq Ft = 36564.73 X100= 36,56,473.00
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 49/18.01.2024) ലഭ്യമാക്കിയ മറുപടിയിൽ WPC No.29603/2021(A) യുടെ അന്തിമ ഉത്തരവിന് വിധേയമായി മാത്രം ഒക്കുപൻസി അനുവദിക്കുകയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. ആയത് പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സമാനമായ പെർമിറ്റ്/ഒക്കുപൻസി നടപടികളിൽ കൺവെർഷൻ ഫീസ് ബാധകമായവയിൽ ആയത് അടവാക്കിയതിന്റെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പെർമിറ്റ് അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വികസനപാതയിൽ അതിവേഗം പുരോഗമിക്കുന്ന പ്രദേശമായതിനാൽ നിർമ്മാണ പെർമിറ്റുകളുടെ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിക്കുന്നു.

**1-19 നഗരസഭാ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള ജി.ഐ. പോളുകളുടെ വാടക കുറവ് അടവാക്കി**

2022-23 സാമ്പത്തിക വർഷത്തിൽ നഗരസഭാ പരിധിയിലുള്ള ജി.ഐ. പോളുകളുടെ വാടക സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) എയർടെൽ ടെലിസോണിക്ക് നെറ്റ് വർക്ക് ലിമിറ്റഡ് എന്ന സ്ഥാപനം 650 പോളുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി പോളുകളുടെ വാടക ഉൾപ്പെടെ റെസ്റ്റൊറേഷൻ ചാർജ്ജ് ഇനത്തിൽ ആകെ ₹22,50,060/- (വാടക – ₹2,34,000/- സെക്യൂരിറ്റി ഡെപോസിറ്റ് - ₹23,400/-) 19.01.2022 തീയതിയിൽ 121020400039, 121020400040 നമ്പർ രസീതുകൾ പ്രകാരം നഗരസഭയിൽ അടവാക്കിയിരുന്നു. 15.02.2022 തീയതിയിലെ കരാറിൽ 672 പോളുകൾ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അധികമായി സ്ഥാപിച്ച 22 പോളുകളുടെ വാടക 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ഈടാക്കിയതായി കാണുന്നില്ല.

2) 2021-22 സാമ്പത്തിക വർഷത്തിൽ എയർടെൽ ടെലിസോണിക്ക് നെറ്റ് വർക്ക് ലിമിറ്റഡ് സ്ഥാപിച്ചിട്ടുള്ള 672 പോളുകളുടെ വാടക 5% അധികം 2022-23 സാമ്പത്തിക വർഷത്തിൽ

അടവാക്കിയതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 12.01.2024 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.21 ന് നൽകിയ മറുപടിയിൽ 2022-23 സാമ്പത്തിക വർഷത്തിലെ വാടക ഇനത്തിൽ 5% വർദ്ധനവ് വരുത്തിയ തുക മേൽ സ്ഥാപനത്തിൽ നിന്നും ഈടാക്കി അറിയിക്കുന്നതാണെന്നും, നിലവിലുള്ള പോളുകൾക്ക് നമ്പർ ഇട്ട് സംയുക്ത പരിശോധനയ്ക്ക് വിധേയമാക്കുമെന്നും, പോളുകളുടെ എണ്ണം കൃത്യമായി രജിസ്റ്ററിൽ ചേർക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തിലെ വാടക ഇനത്തിൽ 5% വർദ്ധനവ് വരുത്തിയ തുക മേൽ സ്ഥാപനത്തിൽ നിന്നും ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 വിനോദ നികുതി – അപാകതകൾ

സ.ഉ(കൈ)നം.112/2019/ത.സ്വ.ഭ.വ തിയതി 31-08-2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ വിനോദ നികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുകയും പ്രാബല്യ തിയതി 01-9-2019 ആയി നിശ്ചയിക്കുകയും ചെയ്തു. ഇ-ടിക്കറ്റ് നിലവിൽ വരുന്നതുവരെ സിനിമാ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ലെന്നും ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷത്തിലെ നഗരസഭയുടെ പരിധിയിലുള്ള പാൻ സിനിമാസ് എന്ന സിനിമാ തീയറ്ററിൽ നിന്നും വിനോദ നികുതി ഇനത്തിൽ ₹20,83,954/- ഈടാക്കിയിട്ടുണ്ട് (8%). പ്രസ്തുത ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

1) സിനിമാ തീയറ്ററിന്റെ മാനേജർ സാക്ഷ്യപ്പെടുത്തി നൽകുന്ന വിനോദ നികുതിയുടെ കളക്ഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായാണ് വിനോദ നികുതി ഈടാക്കിയിരിക്കുന്നത്. എന്നാൽ സ്ഥാപനം ജി.എസ്.ടി വകുപ്പിലേക്ക് അടവാക്കിയിട്ടുള്ള റിട്ടേണുകൾ പ്രകാരമുള്ള ടിക്കറ്റുകളുടെ എണ്ണവും തീയറ്ററിന്റെ മാനേജർ സാക്ഷ്യപ്പെടുത്തി നൽകിയ ടിക്കറ്റുകളുടെ എണ്ണവും ഒന്ന് തന്നെയെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 19.01.2024 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.56 ന് മറുപടി ലഭ്യമാക്കിയില്ല.

സ്ഥാപനം ജി.എസ്.ടി വകുപ്പിൽ നൽകുന്ന റിട്ടേണുകളുടെ വിവരങ്ങൾ ആവശ്യപ്പെടേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ദിവസവും വിൽക്കുന്ന ടിക്കറ്റുകളുടെ എണ്ണം തീയറ്ററിന്റെ മാനേജർ സാക്ഷ്യപ്പെടുത്തി നൽകുന്ന വിനോദ നികുതിയുടെ കളക്ഷൻ റിപ്പോർട്ടിലേതുമായി താരതമ്യം നടത്തി കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-21 വാടക – അപാകതകൾ

2022-23 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) നഗരസഭയുടെ ഉടമസ്ഥതയിലുള്ള 13 കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയതിൽ ചില വാടകക്കാർ നടപ്പ് സാമ്പത്തിക വർഷം വാടക കുടിശ്ശിക വരുത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ/ ഷോപ്പ് നമ്പർ | വാടകക്കാരന്റെ പേര് | വാടക തുക(₹) | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 12/303 | സുധാകരൻ.പി.റ്റി | 1,429/- | 2022-23 സാമ്പത്തിക വർഷത്തിൽ ഒരു തവണ പോലും വാടക |

| | | | | |
|---|---|---|---|---|
| | | | | അടവാക്കിയിട്ടില്ല |
| 2 | 19/421-7 | മാനേജർ, ഹോർട്ടികോർപ്പ് | 3,543/- | 3 മാസത്തെ വാടക അടവാക്കിയിട്ടുണ്ട് (ഏപ്രിൽ 2022, മേയ് 2022. ജൂൺ 2022) |
| 3 | 12/394 എ | അജിത്ത് കുമാർ.സി.വി | 4,429/- | 2 മാസത്തെ വാടക അടവാക്കിയിട്ടുണ്ട് (ഏപ്രിൽ 2022, മേയ് 2022) |
| 4 | 9/427-7 | നാസർ | 605/- | 2022-23 സാമ്പത്തിക വർഷത്തിൽ ഒരു തവണ പോലും വാടക അടവാക്കിയിട്ടില്ല |

1) 13 കെട്ടിടങ്ങൾ നഗരസഭ വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നഗരസഭ വാടകക്കാരുമായി ചമച്ച വാടകക്കരാർ ഫയലിൽ ലഭ്യമല്ല.

2) നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയതിൽ നിന്നും കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | Arrear(₹) | Current(₹) | Total(₹) |
|---|---|---|---|
| വാടക | 59,068 | 56,856 | 1,15,924 |

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 11.01.2024 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.19 ന് മറുപടി ലഭ്യമാക്കിയതിൽ കുടിശ്ശിക വരുത്തിയവർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ആയതിൽ ഒടുക്കുവാൻ ബാക്കിയുള്ളവർക്കെതിരെ റവന്യൂ റിക്കവറിയ്ക്കുള്ള തുടർനടപടികൾ സ്വീകരിച്ച് വരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

നഗരസഭ വാടകക്കാരുമായി കരാർ ചമയ്ക്കാത്ത പക്ഷം വാടക ഒടുക്കുന്നതിൽ വാടകക്കാർ വീഴ്ച വരുത്തിയാൽ ആയത് ഈടാക്കുന്നത് നിയമപരമായി സാധിക്കുന്നതല്ല. കൂടാതെ മറ്റേതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാര തുകകളും ഈടാക്കുവാൻ കഴിയാത്ത അവസ്ഥയും സംജാതമാകും. വാടകക്കാരുമായി കരാർ ചമയ്ക്കാനും ആവശ്യമായ വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തുവാനും നഗരസഭ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഖണ്ഡിക 1 ൽ പരാമർശിച്ച വാടകക്കാരിൽ നിന്നും കുടിശ്ശിക തുകകൾ ഉൾപ്പെടെ ഖണ്ഡിക 3 ൽ പരാമർശിച്ച ആകെ കുടിശ്ശികയായ ₹1,15,924/- ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ്-അപാകതകൾ

1994 കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 447(1), 2020ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ ചട്ടം 5 പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ മുനിസിപ്പൽ പ്രദേശങ്ങളിൽ യാതൊരു സ്ഥലവും, സർക്കാർ നിർണ്ണയിക്കാവുന്ന നിരക്കിലോ, പ്രസ്തുത നിരക്കിനു വിധേയമായി മുനിസിപ്പാലിറ്റി പ്രസിദ്ധീകരിക്കുന്ന വിജ്ഞാപന പ്രകാരം നിശ്ചയിക്കുന്ന നിരക്കിലോ ലൈസൻസ് ഫീസ് ഒടുക്കാതെയും, ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടുള്ളതല്ല. ലൈസൻസ് രജിസ്റ്ററും ബന്ധപ്പെട്ട മറ്റ് രേഖകളും പരിശോധിച്ചതിൽ കണ്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1)സർക്കാർ പുറപ്പെടുവിച്ച ലൈസൻസ് ഭേദഗതി ചട്ടങ്ങളനുസരിച്ച് ഓരോ വിഭാഗത്തിലും പെട്ട വ്യവസായങ്ങൾക്ക് ബാധകമാക്കേണ്ട നിരക്കുകൾ കൗൺസിലാണ് നിശ്ചയിക്കേണ്ടത്. ഇതനുസരിച്ച് മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച നഗരസഭാ കൗൺസിൽ തീരുമാനമെടുത്തതിന്റെ വിവരം ലഭ്യമാക്കിയില്ല.

2)ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരങ്ങളടങ്ങിയ ഡേഞ്ചേഴ്സ് ലിസ്റ്റും ലൈസൻസ് രജിസ്റ്ററും തയ്യാറാക്കിയിട്ടുണ്ടെങ്കിലും വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി ബന്ധപ്പെട്ട

ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല (24,25,26,27 വാർഡുകളിലെ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല) രജിസ്റ്ററുകളിൽ ലൈസൻസ് നമ്പർ രേഖപ്പെടുത്തുന്നില്ല.
3)2022-23 വർഷത്തെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല.
4) നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ, ഡ്രൈവിംഗ് സ്കൂൾ, കമ്പ്യൂട്ടർ പരിശീലനകേന്ദ്രം, ബാങ്ക് കോച്ചിംഗ് സെന്റർ, പി.എസ്.സി കോച്ചിംഗ് സെന്റർ, എജ്യുക്കേഷൻ കൺസൾട്ടൻസി, ടർഫ്, ആധാരമെഴുത്തുകാർ, ടാക്സ് കൺസൾട്ടൻസികൾ, കള്ള്ഷാപ്പുകൾ, സ്വകാര്യ പാർക്കിംഗ് ഏരിയകൾ തുടങ്ങിയ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാനാവശ്യപ്പെട്ടതിന് ഒരു ടോഡി ഷോപ്പിന്റെ ലൈസൻസ് രേഖ ഹാജരാക്കി.
5)തൊഴിൽ നികുതി രജിസ്റ്റർ അനുസരിച്ച് നെട്ടൂർ കാർഷിക മൊത്ത വ്യാപാര വിപണിയിൽ ആകെ 172 വ്യാപാരസ്ഥാപനങ്ങളാണ് ഉള്ളത്. മാർക്കറ്റ് ഉൾപ്പെടുന്ന 23ാം വാർഡിലെ ലൈസൻസ് രജിസ്റ്റർ പ്രകാരം 75 സ്ഥാപനങ്ങളാണ് ലൈസൻസ് ഫീസ് അടവാക്കിയിരിക്കുന്നത്. ബാക്കി 97 സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതായി രേഖ ലഭ്യമാക്കിയില്ല.
മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയില്ല (എൻക്വയറി-59/20.01.24)

ഓഡിറ്റ് നിർദ്ദേശങ്ങൾ

എ) ഭേദഗതി ചട്ടങ്ങളനുസരിച്ച് മൂലധനനിക്ഷേപത്തിന് അനുസൃതമായി ഈടാക്കേണ്ടുന്ന നിരക്കുകൾ നഗരസഭാ കൗൺസിൽ നിശ്ചയിച്ച് അംഗീകരിക്കേണ്ടതാണ്.
ബി) ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
സി) ക്രമ.നം 4 ൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരേണ്ടതും ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതുമാണ്.
ഡി)കാർഷിക മൊത്ത വ്യാപാര വിപണിയിലെ വ്യാപാരികളിൽ നിന്നും ലൈസൻസ് ഫീസ് പൂർണ്ണമായി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.
ഇ) ലൈസൻസ് ഫീസിനത്തിൽ തൻവർഷത്തെ കുടിശ്ശികയായി ₹17,606/- B-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുടിശ്ശിക വരുത്തിയ ലൈസൻസിയുടെ വിവരങ്ങൾ നൽകേണ്ടതാണ്.

## 1-23 NULM- വഴിയുള്ള പ്രവർത്തനങ്ങൾ നഗരസഭയിൽ കാര്യക്ഷമമല്ല

"1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 284 പ്രകാരം ഓരോ മുനിസിപ്പാലിറ്റിയും അതിന്റെ വാർഷിക ബജറ്റിൽ മുനിസിപ്പൽ പ്രദേശത്ത് ദാരിദ്ര്യ ലഘൂകരണ പരിപാടികൾ നടപ്പാക്കുന്നതിനായി മുനിസിപ്പാലിറ്റിയുടെ റവന്യൂ വരുമാനത്തിന്റെ രണ്ട് ശതമാനം തുക ദാരിദ്ര്യ ലഘൂകരണ ഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതിനായി നല്കേണ്ടതും അത് അതത് സമയം സർക്കാർ നല്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി വിനിയോഗിക്കേണ്ടതുമാണെന്നും അതേ ആക്ടിലെ സെക്ഷൻ 285 പ്രകാരം സെക്രട്ടറി വർഷംതോറും വരവുചെലവു കണക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണെന്നും" നിഷ്കർഷിക്കുന്നു. ആയത് പ്രകാരം മരട് നഗരസഭയിൽ ദാരിദ്ര്യ ലഘൂകരണ ഫണ്ട് രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്നും, കാനറ ബാങ്കിന്റെ മരട് ശാഖയിലെ NULM ന്റെ അക്കൗണ്ട് പ്രകാരം (110005182636) 2022-23 സാമ്പത്തിക വർഷത്തെ ആകെ വരവും ചെലവും ₹942144 ആണ്. ഇതിൽ മുന്നിരിപ്പോ നീക്കിയിരിപ്പോ ഇല്ല. പ്രസ്തുത തുക ജീവനക്കാരുടെ ശമ്പളം, മറ്റ് ചെലവുകൾ എന്നിവയ്ക്കായാണ് വിനിയോഗിച്ചിട്ടുള്ളത്. NULM ന്റെ പ്രവർത്തനങ്ങൾക്കായി പ്രത്യേകം അക്കൗണ്ട് രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. NULM നായി പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ഫയലുകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നും, NULM Grant വരവ് സംബന്ധിച്ച ഉത്തരവുകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണെന്നും ചൂണ്ടിക്കാട്ടി 17.01.2024 ൽ നല്കിയ 44ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ മരട് നഗരസഭയിലെ ബജറ്റുകളിൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 284 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള മുനിസിപ്പാലിറ്റിയുടെ റവന്യൂ വരുമാനത്തിന്റെ രണ്ട് ശതമാനം ദാരിദ്ര്യ ലഘൂകരണ പരിപാടികൾ നടപ്പാക്കുന്നതിനായി ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് അറിയിച്ചു. കൂടാതെ എൻ.യു.എൽ.എം പദ്ധതി കുടുംബശ്രീ സംസ്ഥാന മിഷൻ നോഡൽ ഏജൻസിയായി നഗരസഭകളിൽ പ്രവർത്തിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ കുടുംബശ്രീയാണ് എൻ.യു.എൽ.എം പദ്ധതിക്ക് നഗരസഭയ്ക്ക് ഫണ്ടുകൾ അനുവദിക്കുന്നതെന്നും, ഓഡിറ്റ് എൻക്വയറിയിൽ ചൂണ്ടിക്കാട്ടിയത് പോലെ 2022-23സാമ്പത്തിക വർഷത്തെ ആകെ വരവും ചെലവും ₹ 942144 ആണെന്നും ആയതിൽ ₹70000 കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ജീവനക്കാരുടെ ശമ്പളമിനത്തിൽ ഉൾപ്പെട്ടതാണെന്നും തൻവർഷത്തെ ആകെ വരവ് ₹872144 മാത്രമാണെന്നും,ആയതിൽ ₹755594 ജീവനക്കാരുടെ 2022-23 സാമ്പത്തിക വർഷത്തെ ശമ്പളമാണെന്നും, ₹116550 മാത്രമാണ് സി.ഡി.എസ് NULM ന്റെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളതെന്നും മറുപടി ലഭ്യമാക്കി. പ്രത്യേക പ്രൊജക്ടുകൾ ഒന്നും തന്നെ NULM ന്റെ കീഴിൽ നടപ്പാക്കിയിട്ടില്ലെന്നും മറുപടിയിൽ വ്യക്തമാക്കി.

തൻവർഷം എൻ.യു.എൽ.എം പദ്ധതി പ്രകാരം ഇ.എസ്.ടി.പി ഘടകത്തിന് കീഴിൽ കോഴ്സ് പൂർത്തീകരിച്ച കുട്ടികൾക്കുള്ള നിയമനാനന്തര സഹായമായ ₹9000 മാത്രാണ് ഗുണഭോക്താവിന് നല്കുവാനായി ലഭിച്ച ഫണ്ടാണെന്നും മറുപടിയിൽ വ്യക്തമാക്കി. എന്നാൽ എൻ.യു.എൽ.എം

പദ്ധതിയുടെ ലക്ഷ്യങ്ങൾ 1)പരസ്പര സഹായത്തിലൂടെ ഉപജീവന വികസനവും ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളും നടപ്പിലാക്കുന്നതിൽ ഉൾപ്പെട്ടിരിക്കുന്ന നഗരങ്ങളിലെ ദരിദ്രരുടെയും അവരുടെ സ്ഥാപനങ്ങളുടെയും യന്ത്രങ്ങളുടെയും ശേഷി വർദ്ധിപ്പിക്കുക,2)നഗരങ്ങളിലെ ദരിദ്രരുടെ നിലവിലുള്ള ഉപജീവനമാർഗങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനും സഹായിക്കുക, 3)വളർന്നുവരുന്ന നഗര സമ്പദ്‌വ്യവസ്ഥകൾ വാഗ്ദാനം ചെയ്യുന്ന വളരുന്ന വിപണി അധിഷ്ഠിത തൊഴിലവസരങ്ങളിലേക്ക് പ്രവേശനം പ്രാപ്തമാക്കുന്നതിനുള്ള കഴിവുകൾ വികസിപ്പിക്കുക,4)നഗരങ്ങളിലെ ദരിദ്രരായ വ്യക്തികളും ഗ്രൂപ്പുകളും സൂക്ഷ്മ സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് പരിശീലനവും പിന്തുണയും നൽകുക,5) നഗരങ്ങളിലെ ഭവനരഹിതരായ ജനങ്ങൾക്ക് ജലവിതരണം, ശുചിത്വം, സുരക്ഷ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ഥിരമായ ഷെൽട്ടറുകളുടെ ലഭ്യതയും പ്രവേശനവും ഉറപ്പാക്കുക, 6) ആശ്രിതരായ കുട്ടികൾ, പ്രായമായവർ, വികലാംഗർ, മാനസികരോഗികൾ, സുഖം പ്രാപിക്കുന്ന രോഗികൾ തുടങ്ങിയ നഗരങ്ങളിലെ ഭവനരഹിതരുടെ പ്രത്യേകിച്ച് ദുർബല വിഭാഗങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുക, 7)ഭക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം മുതലായവയുള്ള നഗര ഭവനരഹിതരുടെ അവകാശം ഉൾക്കൊള്ളുന്ന മറ്റ് പ്രോഗ്രാമുകളുമായി ശക്തമായ അവകാശങ്ങൾ അടിസ്ഥാനമാക്കിയുള്ള ബന്ധം സ്ഥാപിക്കുക, 8) സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, പിഡിഎസ്, ഐസിഡിഎസ്, അന്നദാന പരിപാടികൾ, കുടിവെള്ളം, ശുചിത്വം, വ്യക്തിത്വം, സാമ്പത്തിക ഉൾപ്പെടുത്തൽ, സ്കൂൾ പ്രവേശനം മുതലായവ ഉൾപ്പെടെ വിവിധ അവകാശങ്ങളിലേക്കും താങ്ങാനാവുന്ന ഭവനങ്ങളിലേക്കും ഭവനരഹിതർക്ക് പ്രവേശനം ഉറപ്പാക്കുക എന്നിങ്ങനെയാണ്. ആയതിനാൽ എൻ.യു.എൽ.എം പദ്ധതി വഴി മേൽ പരാമർശിത ലക്ഷ്യത്തിലൂന്നി കൂടുതൽ ജനോപകാരപ്രദമായ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി നഗരസഭ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

### 1-24 അമൃത് പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം

ഫയൽ നം E3-12359/21

മരട് നഗരസഭ- 2022-23 വർഷം അമൃത് പദ്ധതി നടപ്പാക്കുന്നതിനായി വിവിധ പ്രോജക്റ്റുകളുടെ നടത്തിപ്പ് പ്ലാൻ തയ്യാറാക്കിയെങ്കിലും ലഭ്യമാക്കിയ ഫയൽ/ Statement Of Account (01.01.2023-31.3.2023) പ്രകാരം തുകയൊന്നും ലഭിക്കുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല. 01.04.2022 മുതൽ 31.12.2022 വരെയുള്ള ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ (അക്കൗണ്ട് തുടങ്ങിയ തീയതി മുതൽ) പരിശോധനയ്ക്ക് ഹാജരാക്കിയില്ല. അടിയന്തിര പ്രാധാന്യമുള്ള വിഷയങ്ങളായ കുടിവെള്ള പദ്ധതികൾ, ജലാശയങ്ങളുടെ ശുദ്ധീകരണം, സ്വിവറേജ് പ്ലാന്റുകൾ തുടങ്ങിയവയാണ് അമൃത് പദ്ധതി പ്രകാരം നടപ്പാക്കേണ്ടത് എങ്കിലും നഗരസഭ ഈ വിഷയത്തിൽ കാര്യമായ നടപടി സ്വീകരിച്ചതായി കാണുന്നില്ല. അമൃത് സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റ്, മിഷൻ ഡയറക്ടറുടെ No.SMMU/96/2022-UPI തീയതി 11.1.2023 ലെ കത്ത് പ്രകാരം അമൃത് DPR 28.02.2023 ന മുൻപ് സമർപ്പിക്കണമെന്നും യഥാസമയം DPR സമർപ്പിക്കാത്ത നഗരസഭകളുടെ അനുവദിച്ച തുക പിൻവലിച്ച് മറ്റ് നഗരസഭകൾക്ക് നല്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. മരട് നഗരസഭയ്ക്ക് അനുവദിച്ച തുകകളുടെ വിശദാംശം വ്യക്തമാക്കുന്നതിനായി 19.01.2024 ൽ നല്കിയ 55ാം നം ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. നഗരസഭയുടെ ULB ഷെയർ നല്കിയ വിശദാംശങ്ങളും സ്റ്റേറ്റ് ഷെയർ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും വ്യക്തമായി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. അമൃത് പദ്ധതികൾ കാലതാമസം കൂടാതെ ഉത്തരവുകൾക്ക് വിധേയമാക്കി നടപ്പിലാക്കേണ്ടതാണ്.

### 1-25 പെൻഷൻ ഫണ്ട് -രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

ബാലൻസ് ഷീറ്റ് ബി.15 ഷെഡ്യൂൾ പ്രകാരം ₹2,19,45,672 അദർ റിസീവബിൾസ് എന്ന ശീർഷകത്തിൽ പെൻഷൻ നൽകിയയിനത്തിൽ നഗരസഭയ്ക്ക് കിട്ടാനുള്ള തുകയായി കാണുന്നു.

| കോഡ് | ശീർഷകം | തുക |
|---|---|---|
| 431409901 | Other | ₹19,18,234 |

| | | |
|---|---|---|
| | Receivables-Current | |
| 431409902 | Other Receivables-Arrear | ₹20027438 |
| **ആകെ** | | **₹2,19,45,672** |

നഗരകാര്യ ഡയറക്ടറേറ്റിലേയ്ക്ക് അടവാക്കിയ തുകകളും പെൻഷൻ ബാങ്ക് അക്കൗണ്ട്, ഫയൽ തുടങ്ങിയ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.52 തീയതി 19.01.2024) മറുപടി ലഭ്യമാക്കിയില്ല. പെൻഷൻ ഫണ്ട് - രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

**1-26 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി-ചെലവ് തുക സർക്കാരിൽ നിന്ന് നഗരസഭയിലേക്ക് ലഭ്യമായില്ല.**

1) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് സമയബന്ധിതമായി ഫണ്ട് ലഭ്യമല്ലാത്ത നഗരസഭകൾക്ക് തങ്ങളുടെ തനത് ഫണ്ടിൽ നിന്നും തൊഴിലാളികൾക്ക് വേതനം നല്കുന്നതിനും മറ്റ് ചെലവുകൾക്കുമായി ആവശ്യമായ തുക ചെലവഴിക്കാവുന്നതും, പദ്ധതി ഫണ്ടിലേക്ക് തുക സർക്കാർ അനുവദിക്കുന്ന അവസരത്തിൽ ആയത് തിരികെ നഗരസഭ ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യാവുന്നതാണെന്നും വ്യക്തമാക്കി കൊണ്ടുള്ള നഗരകാര്യ ഡയറക്ടറുടെ 08.03.2022ലെ ഡിസി 3-04/2022 സർക്കുലർ അടിസ്ഥാനമാക്കി മരട് നഗരസഭയിലെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി തനത് ഫണ്ടിൽ നിന്ന് ₹40,00,000 11.04.2022 ലെ കൗൺസിലിന്റെ 14ാം നമ്പർ തീരുമാന പ്രകാരം അനുവദിച്ചിട്ടുള്ളതായി കാണുന്നു. കൂടാതെ 2021-22 സാമ്പത്തിക വർഷത്തിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിനായി മുൻകൂറായി 18.01.2022 ലെ കൗൺസിലിന്റെ 6ാം നമ്പർ തീരുമാന പ്രകാരം ₹35,00,000 നല്കിയിട്ടുള്ളതാണ്. (ആകെ ₹75,00,000). എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ 2021-22 ൽ നൽകിയ ₹35,00,000 ൽ ₹16,69,899 ചെലവ് കിഴിച്ച് ബാക്കി റീക്കൂപ്പ് ചെയ്തിട്ടുള്ള തുക ₹20,19,899 മാത്രമാണ്. ഇനിയും സർക്കാർ തലത്തിൽ നിന്ന് ₹54,80,101 ലഭിക്കുവാനുണ്ട്.

2)നഗരകാര്യ ഡയറക്ടറുടെ 11.07.2022ലെ ഡിയുഎ /934/2022 -ഡിസി 3 സർക്കുലറിലെ നിർദ്ദേശ പ്രകാരം ₹50,00,000 2217-80-800-76(പി) എന്ന ശീർഷകത്തിൽ നിന്നും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി 2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ച് നല്കിയിരുന്നു. ആയത് നഗരസഭ ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിനായി ജില്ലാ ട്രഷറിയിൽ ബിൽ സമർപ്പിച്ചിരുന്നുവെങ്കിലും യഥാർത്ഥ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ചേർത്ത് BIMS മുഖാന്തിരം ബിൽ സമർപ്പിക്കുവാൻ ട്രഷറി അധികൃതർ ആവശ്യപ്പെടുകയും നല്കിയ ബിൽ തടസ്സത്തിൽ വെയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത തുക നഗരസഭ ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകങ്ങൾ ചൂണ്ടിക്കാട്ടി **16.01.2024** ലെ **41**ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ക്യാഷ് ബുക്ക്, ട്രഷറി ബിൽ പാസ്ബുക്ക് എന്നിവ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടുണ്ടെന്നും₹ 20,19,899 മാത്രമേ നഗരസഭാ ഫണ്ടിലേക്ക് ലഭ്യമായിട്ടുള്ളുവെന്നും അറിയിച്ചു. ആയതിനാൽ തൊഴിലുറപ്പ് പദ്ധതിക്കായി നഗരസഭ ഫണ്ടിൽ നിന്ന് നല്കിയിട്ടുള്ള തുകകൾ എല്ലാം തന്നെ സർക്കാരിൽ നിന്ന് ലഭ്യമാക്കുവാൻ ബന്ധപ്പെട്ട അധികൃതർ മുഖാന്തിരം ശ്രമിക്കേണ്ടതും ലഭ്യമാകുന്ന തുകയുടെ വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-27 സാനിട്ടേഷൻ വർക്കർമാർക്ക് വ്യത്യസ്ത നിരക്കിൽ വേതനം അനുവദിച്ചു**

ഫയൽ നം- PH2/7205/21
എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായ അഞ്ച് ശുചീകരണ തൊഴിലാളികൾക്ക് (Substitute Workers) 2022 മാർച്ച് മുതൽ ആഗസ്റ്റ് വരെയുള്ള 6 മാസങ്ങളിൽ താഴെപ്പറയുന്ന വിധം വിവിധ നിരക്കുകളിലാണ് പ്രതിദിന വേതനം അനുവദിച്ചിട്ടുള്ളത്.

| മാസം | വൗച്ചർ നമ്പർ | ചെക്ക് നമ്പർ/ തീയതി | തുക(₹) | അനുവദിച്ച പ്രതിദിന വേതന നിരക്ക് |
|---|---|---|---|---|
| മാർച്ച് | 2-4/22 | 195628/ 01.04.2022 | 1,06,668 | 972 |
| ഏപ്രിൽ | 19-5/22 | 195690/ 04.05.2022 | 96,948 | 972 |
| മേയ് | 36-6/22 | 990736/ 03.06.2022 | 1,07,774 | 878 |
| ജൂൺ | 36-7/22 | 125315/ 04.07.2022 | 1,09,817 | 907 |
| ജൂലൈ | 31-8/22 | 28916/ 02.08.2022 | 99,872 | 878 |
| ആഗസ്റ്റ് | 43-9/22 | 125352/ 02.09.2022 | 1,03,283 | 878 |

ദിവസ വേതന/കരാർ ജീവനക്കാരുടെ വേതനം സംബന്ധിച്ച സർക്കാർ ഉത്തരവ് -സ.ഉ(പി)നം-29/21/fin, 11.02.21 അനുസരിച്ച് (കാറ്റഗറി-1) സാനിട്ടേഷൻ വർക്കേഴ്സിന് നൽകാവുന്ന ദിവസ വേതനം 675/-രൂപയാണ്. സ്ഥിരം താത്ക്കാലിക തൊഴിലാളികൾക്ക് ഈ നിരക്കിലാണ് വേതനം അനുവദിച്ചിട്ടുള്ളത്. എന്നാൽ Substitute വർക്കേഴ്സിന് പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വ്യത്യസ്ത നിരക്കുകളിൽ വേതനം അനുവദിച്ചതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് പരിശോധനയ്ക്കായി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എൻക്വയറി (നം-9/10.01.24) നൽകിയതിന് മറുപടിയായി സ്ഥിരം തൊഴിലാളികളുടെ അടിസ്ഥാന ശമ്പളം+ ക്ഷാമബത്ത +എച്ച്.ആർ.എ + സ്പെഷ്യൽ അലവൻസ് എന്നിവ ചേർത്തുള്ള തുകയെ തൻമാസത്തെ ദിവസത്തെ എണ്ണം കൊണ്ട് ഭാഗിച്ച് ലഭിക്കുന്ന ഒരു ദിനത്തെ തുക അടിസ്ഥാനപ്പെടുത്തി ആകെ തൊഴിൽ ചെയ്ത ദിനങ്ങൾക്കനുസരിച്ചാണ് വേതനം നൽകിയതെന്ന് വ്യക്തമാക്കി. എന്നാൽ സ.ഉ(പി) നം.29/2021/ധന, തീയതി 11.02.2021 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ച നിരക്കിൽ നിന്നും വ്യത്യസ്തമായാണ് വേതനം വിതരണം ചെയ്തത് എന്നതിനാൽ സർക്കാരിൽ നിന്നും ഈ ചെലവിന് സാധൂകരണം ആവശ്യമാണ്. അതുവരെ ഈയിനത്തിൽ ചെലവഴിച്ച ആകെ തുക ₹6,24,362/-തടസ്സപ്പെടുത്തുന്നു.

## 1-28 വാഹന ഉപയോഗവും പരിപാലനവും-അപാകതകൾ

2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങളും, സർക്കാർ ഉത്തരവുകളും അടിസ്ഥാനമാക്കി നഗരസഭയിലെ വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എൻക്വയറി നൽകിയതിന് (നം-14/10.01.24) മറുപടി ലഭ്യമാക്കിയില്ല. എന്നാൽ ലോഗ് ബുക്കുകൾ ഹാജരാക്കി.

1) നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങളുടെ വിശദാംശങ്ങൾ നൽകിയില്ല (വാഹനം, രജി.നം, ഉപയോഗം എന്ന ക്രമത്തിൽ )

2) ചട്ടം4(1) പ്രകാരമുള്ള സൂക്ഷിക്കേണ്ടുന്ന താഴെപ്പറയുന്ന രജിസ്റ്ററുകൾ പരിശോധനയ്ക്ക് നൽകിയില്ല.
എ)പെട്രോൾ,ഡീസൽ, ഓയിൽ മുതലായവക്കുള്ള ഓർഡർ ബുക്ക്
ബി)ഡി.സി.ബി.രജിസ്റ്റർ (വാടക ഈടാക്കുന്ന കേസുകളിൽ.)
സി)റിപ്പയർ രജിസ്റ്റർ
ഡി)സ്റ്റോക്ക് രജിസ്റ്റർ

3)വാഹനങ്ങൾക്ക് നിശ്ചിത കാലയളവിൽ പുക പരിശോധന, മൈലേജ് ടെസ്റ്റ് എന്നിവ നടത്തിയതിന്റെ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

4)ധനകാര്യ വകുപ്പിന്റെ 22.10.2020-ലെ 59/2020/ധനം നമ്പർ ഉത്തരവ് അനുസരിച്ച് വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS" എന്ന സെറ്റിൽ രേഖപ്പെടുത്തിയതിന്റെ വിശദാംശം നൽകിയില്ല.

5) 8 വാഹനങ്ങളുടെ ലോഗ് ബുക്കുകളാണ് ഓഡിറ്റിൽ ഹാജരാക്കിയത്. ആയത് പരിശോധിച്ചതിലെ അപാകതകൾ താഴെചേർക്കുന്നു.
*ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയതിന്റെ റിപ്പോർട്ട് ലോഗ് ബുക്കിൽ പതിപ്പിച്ചിട്ടില്ല.
*പ്രതിമാസ ഇന്ധന ഉപഭോഗം രേഖപ്പെടുത്തി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6)നഗരസഭയുടെ ഉടമസ്ഥതയിലുള്ള KL-39-D-2889 വാഹനത്തിന്റെ (Scooty Pep) ലോഗ് ബുക്ക് പരിശോധനയ്ക്ക് നൽകിയില്ല (വാഹനം റിപ്പയർ ചെയ്ത വകയിൽ 3292/- രൂപ 70/12-2022 ാം നമ്പർ

വൗച്ചർ പ്രകാരം ചെലവഴിച്ചിട്ടുണ്ട്).

അപാകതകൾ പരിഹരിക്കേണ്ടതും ചട്ടമനുശാസിക്കുന്ന സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. നഗരസഭയിലെ മുഴുവൻ വാഹനങ്ങളും "VEELS" സൈറ്റിൽ രജിസ്റ്റർ ചെയ്യേണ്ടതുമാണ്.

**1-29 ഗവൺമെന്റ് ഐ.ടി.ഐ യ്ക്ക് വാടക അനുവദിച്ചത്- സർക്കാർ അംഗീകാരം ലഭ്യമാക്കിയില്ല.**

ഫയൽ നം- E4/9447/13

നഗരസഭാ പരിധിയിലുള്ള ഗവൺമെന്റ് ഐ.ടി.ഐ കെട്ടിടത്തിന്റെ (നം-19/492-J) വാടകയിനത്തിൽ ഓഡിറ്റ് വർഷം ₹3,33,537/- തനത് ഫണ്ടിൽ നിന്നും സി.എം കുഞ്ഞുമുഹമ്മദ് എന്ന വ്യക്തിക്ക് അനുവദിച്ചിട്ടുണ്ട്.

| വൌച്ചർ നം | ചെക്ക് നം | തീയതി | തുക |
|---|---|---|---|
| 104, 6/22 | 990773 | 27.06.22 | ₹32226 |
| 86 ,7/22 | 125394 | 25.07.22 | ₹64452 |
| 69,12/22 | 983184 | 16.12.22 | ₹169185 |
| 31,2/23 | 025606 | 17.02.22 | ₹67674 |
| ആകെ | | | ₹337537 |

18% ജി.എസ്.ടി ഉൾപ്പെടെ 2022 ഏപ്രിൽ മുതൽ ജൂൺ വരെ ₹32,226/- (27310+18% ജി.എസ്.ടി ) നിരക്കിലും ജൂലൈ മുതൽ 2023 ജനവരി വരെ ₹33,837/-(28675+18% ജി.എസ്.ടി നിരക്കിലുമാണ് വാടക അനുവദിച്ചിരിക്കുന്നത്. വാടക തുക നിർണ്ണയിച്ചതെങ്ങനെയെന്നും വിശദീകരിച്ചില്ല. ഗവൺമെന്റ് ഐ.ടി.ഐ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ളതോ മുനിസിപ്പാലിറ്റിക്ക് കൈമാറിക്കിട്ടിയതോ ആയ സ്ഥാപനമല്ല. ഈ സാഹചര്യത്തിൽ പ്രസ്തുത കെട്ടിടത്തിന്റെ വാടകയിനത്തിൽ തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിന്റെ അടിസ്ഥാനം വ്യക്തമാക്കുവാനും ആയതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കുവാനും ആവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-10/10.01.24) മറുപടിയായി 19.03.2020 തീയതിയിലെ സ.ഉ (സാധാ) നം-680/20 /തസ്വഭവ നമ്പർ ഉത്തരവാണ് ഹാജരാക്കിയത്. ആയത് പീലിക്കോട് ഗ്രാമപഞ്ചായത്തിനുള്ള പ്രത്യേക അനുമതിയാണ്. ആയതിന് സമാനമായി മരട് നഗരസഭയ്ക്ക് തുക ചെലവഴിക്കാമെന്നുള്ള ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സർക്കാരിൽ നിന്നുള്ള പ്രത്യേക അനുമതി ഹാജരാക്കി ചെലവ് സാധൂകരിക്കുന്നത് വരെ ഐ.ടി.ഐ വാടകയിനത്തിലെ ₹3,33,537/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-30 മരുന്ന് വാങ്ങൽ പ്രൊജക്ട് പ്രകാരമുള്ള എല്ലാ മരുന്നുകളും ലഭ്യമായിട്ടില്ല-നെട്ടൂർ പി.എച്ച്.സി**

1.

| | |
|---|---|
| പ്രൊജക്ട് നം. / പേര് | 04/23 പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ |
| ഫണ്ട്, അടങ്കൽ<br>ആകെ - | മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)<br>₹6,00,000/- |
| ചെലവ്-<br>ബിൽ നം/ തീയതി | 91/01.10.22 -₹14688<br>126/17.11.22-₹14688<br>189/06.01.23 -₹79392<br>251/15.02.23-₹249994<br>316/09.03.23-₹126998<br>323/10.03.23-₹99240<br>364/16.03.23-₹14929<br>ആകെ ₹5,99,929/- |

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നെട്ടൂർ |

ലഭ്യമായ മരുന്നുകളുടെ വിവരങ്ങൾ (Supply Co)

| ക്രമ നം. | Invoice No./ Date | തുക(₹) |
|---|---|---|
| 1 | Omm060/23.09.22 | 14688.00 |
| 2 | Omm0125/04.11.22 | 14688.00 |
| 3 | Omm0240/27.12.22 | 79392.00 |
| 4 | Omm0451/03.03.23 | 99240.00 |
| 5 | 2223106109911/08.03.23 | 14929.00 |
| | ആകെ | 222937.00 |

ബാക്കി ₹3,76,992/- യുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2.

| | |
|---|---|
| പ്രൊജക്റ്റ് നം. / പേര് | 16/23 സെക്കന്ററി പാലിയേറ്റീവ് |
| ഫണ്ട്, അടങ്കൽ | ₹8,00,000/- ( വികസന ഫണ്ട് ജനറൽ) |
| ചെലവ്- | ₹6,29,150/- |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി നെട്ടൂർ |

മേൽ പ്രൊജക്റ്റ് പ്രകാരം പാലിയേറ്റീവ് ആവശ്യങ്ങൾക്കായി ₹1,54,731/- യുടെ വിവിധ ചെലവുകൾ നടത്തിയിട്ടുണ്ട്. ആയവയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയത് പരിശോധിച്ചതിൽ അപാകതകൾ കാണുന്നില്ല. എന്നാൽ ഈ പ്രൊജക്റ്റ് പ്രകാരം മരുന്ന് വാങ്ങലിനായി ചെലവഴിച്ച തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതായി കാണുന്നു. തുക കൈപ്പറ്റി കേരള മെഡിക്കൽ സർവീസസ് കോർപറേഷന്റെ പേരിലുള്ള പ്രൊഫോമ ഇൻവോയ്സ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊഫോമ ഇൻവോയ്സ് നം./ തീയതി | തുക(₹) | TRN /Date |
|---|---|---|---|
| 1 | 2944/13.12.22 | 149185.00 | 221101000000023456/21.01.23 |
| 2 | 4864/01.03.23 | 162617.00 | 221101000000029626/17.03.23 |
| 3 | 4863/01.03.23 | 162617.00 | 221101000000029628/17.03.23 |
| | ആകെ | 4,74,419.00 | |

മേൽ ₹4,74,419/-യുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയവയുടെ ഒറിജിനൽ ടാക്സ് ഇൻവോയ്സ് ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 64/20.01.2024) മറുപടി ലഭ്യമാക്കിയില്ല. 3,76,992+4,74,419 = ₹8,51,441/-യുടെ മരുന്നുകൾ ലഭ്യമായതിന്റെ ഒറിജിനൽ ടാക്സ് ഇൻവോയ്സ് ലഭ്യമാക്കുന്നതുവരെ ചെലവ് തടസപ്പെടുത്തുന്നു.

**1-31 മരുന്ന് വാങ്ങൽ ഒറിജിനൽ ഇൻവോയ്സ് ലഭ്യമാക്കേണ്ടതാണ് - പി. എച്ച്.സി. വളന്തകാട്**

മരുന്നുകൾ ലഭ്യമായതിന്റെ ഒറിജിനൽ ടാക്സ് ഇൻവോയ്സ് ലഭ്യമാക്കേണ്ടതാണ്.

എ.

| | |
|---|---|
| പ്രൊജക്ട് നം. / പേര് | 10/23 ഫ്ലോട്ടിംഗ് ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| ഫണ്ട്, അടങ്കൽ | ₹2,00,000/- ( വികസന ഫണ്ട് ജനറൽ) |
| ചെലവ്-<br>ബിൽ നം. തീയതി | ആകെ-₹2,00,000/-<br>247/14.02.23-₹1,00,234/-<br>180/05.01.23-₹99,766/-<br>ആകെ ₹2,00,000/- |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി വളന്തകാട് |

മേൽ പ്രൊജക്ട് പ്രകാരം രണ്ട് ഇൻവോയ്സുകൾ പ്രകാരമാണ് മരുന്ന് വാങ്ങലിനായി തുക ചെലവഴിച്ചത്. ഇതിൽ Bill No. 18942/20.12.22 പ്രകാരം ₹99,766/- യുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. പ്രൊഫോമ ഇൻവോയ്സ് നം.3427/07.01.23 പ്രകാരം നൽകിയ ₹1,00,234/- യുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ ഒറിജിനൽ ടാക്സ് ഇൻവോയ്സ് ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

ബി.

| | |
|---|---|
| പ്രൊജക്ട് നം. / പേര് | 9/23 മരുന്ന് വാങ്ങൽ, പി. എച്.സി. വളന്തകാട് |
| ഫണ്ട്, അടങ്കൽ | ₹3,00,000/- ( വികസന ഫണ്ട് ജനറൽ) |
| ചെലവ്-<br>ബിൽ നം. തീയതി | ആകെ - ₹2,99,832/-<br>46/20.07.22 – ₹14,820/-<br>248/14.02.23 –₹1,31,022/-<br>179/05.01.23- ₹94,952/-<br>249/14.02.23- ₹59,038/- |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി വളന്തകാട് |

ആകെ ₹2,99,832/- ചെലവഴിച്ചതിൽ Bill No. 18943/20.12.22 പ്രകാരം ₹94,952/- യുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി ₹2,04,880/- യുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.65/20.01.2024) മറുപടി ലഭ്യമാക്കിയില്ല. 1,00,234+2,04,880=₹3,05,114/-യുടെ മരുന്നുകൾ ലഭ്യമായതിന്റെ ഒറിജിനൽ ടാക്സ് ഇൻവോയ്സ് ലഭ്യമാക്കുന്നതുവരെ ₹3,05,114/-യുടെ ചെലവ് തടസപ്പെടുത്തുന്നു.

**1-32 മരട് നഗരസഭ– സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം - വിവരങ്ങൾ ലഭ്യമാക്കിയില്ല.**

സ.ഉ.(സാധാ) 2307/2021/ത.സ്വ.ഭ.വ./18.11.2021 നമ്പർ ഉത്തരവ് പ്രകാരം സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിതകർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, ഓഫീസ് ആവശ്യത്തിന് ലാപ്പ്ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ്ജ് നൽകുന്നതിനും വേണ്ടി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ മരട് നഗരസഭയിൽ 2021-22, 2022-23 എന്നീ വർഷങ്ങളിലായി നഗരസഭ പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പ്രകാരം താഴെ ചേർക്കുന്ന തുകകൾ വിനിയോഗിച്ചിട്ടുണ്ട്.

| പ്രോജക്ട് നം. | ചെലവഴിച്ച തുക | ചെലവിന്റെ വിവരം |
|---|---|---|

| | | |
|---|---|---|
| 2021-22 | | |
| എസ്.0470/22 | ₹6,73,000 വൗച്ചർ നം 16/22, തീയതി 21.03.22 | 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് ആപ്പ് പ്രവർത്തനത്തിനായുള്ള 6 മാസത്തെ സർവ്വീസ് ചാർജ്, ആറ് മാസത്തേക്കുള്ള എസ്.എം.എസ്.ചാർജ്ജ് എന്നിവയ്ക്കായി കെൽട്രോണിനു നൽകിയ തുക. |
| 2022-23 | | |
| എസ്.0030/23 | ₹90000(വൗച്ചർ നം 03/22, തീയതി 23.08.22) (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | ലാപ്പ്ടോപ്പ് (₹50000), ക്യൂ ആർ കോഡ് (₹40000) എന്നിവ നൽകിയതിന് കെൽട്രോണിന് നൽകിയ തുക. |
| **ആകെ** | **₹ 7,63,000** | |

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷന്റെയും ഹരിത കേരള മിഷന്റെയും മേൽനോട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ തദ്ദേശ സ്ഥാപനതലം മുതൽ സംസ്ഥാന തലം വരെയുള്ള ഏകീകൃത നിരീക്ഷണത്തിനായി തയ്യാറാക്കിയ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന മാർഗ്ഗരേഖ 26.09.2022ലെ സ. ഉ.(സാധാ) 2341/2022/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മരട് നഗരസഭയിൽ ഇത് നടപ്പിലാക്കുന്നതിനായി നിർവ്വഹണം നടത്തിയിട്ടുള്ള പ്രോജക്ടുകൾ സംബന്ധിച്ച് താഴെ ചേർക്കുന്ന ഓഡിറ്റ് പരാമർശങ്ങൾക്ക് വിശദീകരണം/ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 11.01.2024ൽ നല്കിയ 12ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടി ഓരോ ഖണ്ഡികയിലേക്കും ചേർക്കുന്നു.

1) ആകെ 17500 ക്യൂ ആർ കോഡ് ആണ് കെൽട്രോണിൽ നിന്നും ലഭ്യമായിട്ടുള്ളത്. ഇതിൽ 14459 വീടുകൾ /സ്ഥാപനങ്ങളിൽ മാത്രമാണ് ക്യൂ ആർ കോഡ് പതിപ്പിക്കൽ, കസ്റ്റമർ എൻറോൾമെന്റ് എന്നിവ നടത്തിയിട്ടുള്ളതായി കാണുന്നുള്ളൂ. നഗരസഭയിലെ മുഴുവൻ വീടുകൾ /സ്ഥാപനങ്ങളിലും ഈ പ്രവർത്തനം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം. കൂടാതെ നഗരസഭയുടെ പരിധിയിൽ വരുന്ന ഭവനങ്ങളുടെ എണ്ണം 13500ഉം സ്ഥാപനങ്ങളുടെ എണ്ണം 1500ഉം ആണ്. ക്യൂ ആർ കോഡ് കെൽട്രോണിൽ നിന്ന് വാങ്ങിയതിന് (17500 എണ്ണം) 05.12.2022 ലെ ഇൻവോയ്സ് നം 8461 പ്രകാരം ₹16471 മാത്രമേ ചെലവായിട്ടുള്ളൂ. ₹40000 കെൽട്രോണിന് നല്കിയിട്ടുണ്ട്. ആയതിനാൽ ₹23,529 കെൽട്രോണിൽ നിന്നും തിരികെ ലഭിക്കുവാനുണ്ട്. ആയത് തിരികെ ലഭ്യമാക്കുന്നതിനായി കെൽട്രോണിന്റെ മാർക്കറ്റിംങ് ഹെഡിന് കത്ത് നല്കിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. പ്രസ്തുത തുക തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കുന്നതു വരെ ₹23,529 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2)ആരോഗ്യസ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാന്റെ അധ്യക്ഷതയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ, സി.ഡി.എസ്. ചെയർപേഴ്സൺ, ഓക്സിലറി ഗ്രൂപ്പ് കോ ഓർഡിനേറ്റർ, കൺസോർഷ്യം ഭാരവാഹികൾ തുടങ്ങിയവരുമായി കൂടിയാലോചന നടത്തി ക്യൂ ആർ കോഡ് പതിപ്പിക്കലിനും വിവരശേഖരണത്തിനും രൂപരേഖ തയ്യാറാക്കി ബന്ധപ്പെട്ട ആളുകളെ ചുമതലപ്പെടുത്തിയതിന്റെ രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ടതിന് 03.10.2022 ൽ ആരോഗ്യസ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാന്റെ അധ്യക്ഷതയിൽ ചേർന്ന മിനിട്സ് ലഭ്യമാക്കിയിട്ടുണ്ട്.

3) ഹരിതകർമ്മസേനാംഗങ്ങൾക്ക് സ്മാർട്ട് ഫോൺ ലഭ്യമാക്കുന്നതിനായും അവരെ പരിശീലിപ്പിക്കുന്നതിനായും സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ടതിന് നഗരസഭയിലെ 8 ഹരിത കർമ്മ സേനാംഗങ്ങൾക്ക് സ്മാർട്ട് ഫോൺ ഇല്ലാതിരുന്നതിനാൽ ഹരിതകർമ്മസേന കൺസോർഷ്യത്തിൽ നിന്ന് തുക അനുവദിക്കുകയും ആയതി ഇ.എം.ഐ വ്യവസ്ഥയിൽ അംഗങ്ങളിൽ നിന്ന് ഈടാക്കുന്നതായും ,അവ ഉപയോഗിക്കുന്നതിന് കെൽട്രോണിലെ പ്രതിനിധികൾ പ്രത്യേകം പരിശീലനം നല്കിയതായും മറുപടി ലഭ്യമാക്കി

4)മരട് നഗരസഭ ഹരിതമിത്രം ഒന്നാം ഘട്ട പ്രവർത്തനത്തിൽ ഉൾപ്പെട്ടതിനാൽ 2022 ഒക്ടോബർ 30 നകം ഹരിതമിത്രം ഒന്നാം ഘട്ട പ്രവർത്തന പൂർത്തീകരണ പ്രഖ്യാപനം നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ടതിന് മറുപടിയോ രേഖകളോ ഹാജരാക്കിയില്ല.

5)നിലവിൽ നഗരസഭയിൽ സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം എപ്രകാരം ആണ്

പ്രവർത്തിക്കുന്നത് എന്നും പ്രസ്തുത മോണിട്ടറിങ്ങിനായി ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നുമുള്ള റിപ്പോർട്ടും പ്രസ്തുത പ്രോജക്ട് നിർവ്വഹണം ബന്ധപ്പെട്ട മോണിട്ടറിങ്ങ് സമിതി ഓരോ ഘട്ടത്തിലും വിലയിരുത്തിയിട്ടുണ്ടെങ്കിൽ അനുസംബന്ധിച്ച മോണിട്ടറിങ്ങ് റിപ്പോർട്ടും പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടതിന് ശ്രീ.നിഖിൽ ജോസഫിനെ ടെക്നിക്കൽ അസിസ്റ്റന്റായി താല്ക്കാലികമായി നിയമിച്ചിരുന്നെന്നും ടിയാൻ കാലാവധി പൂർത്തീകരിക്കുന്നതിന് മുമ്പ് അവധിയിൽ പോയതിനാൽ നിലവിൽ നഗരസഭ പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടർ ആണ് ചുമതല വഹിക്കുന്നതെന്നും വ്യക്തമാക്കി. എന്നാൽ പ്രസ്തുത പ്രോജക്ട് നിർവ്വഹണം ബന്ധപ്പെട്ട മോണിട്ടറിങ്ങ് സമിതി ഓരോ ഘട്ടത്തിലും വിലയിരുത്തിയിട്ടുണ്ടെങ്കിൽ അനുസംബന്ധിച്ച മോണിട്ടറിങ്ങ് റിപ്പോർട്ടും പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. ആയത് നിർബന്ധമായയും ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-33 ഹരിതകർമ്മസേന പ്രവർത്തനം-അംഗീകാരമില്ലാത്ത ഫണ്ട് വിനിയോഗിച്ചു

| | | | |
|---|---|---|---|
| പ്രോജക്ടിന്റെ നം,പേര് | എസ്.0021/23, ഹരിത കർമ്മസേന പ്രവർത്തനങ്ങൾ | | |
| അടങ്കൽ, ഫണ്ട് | ₹308888,കേന്ദ്രാവിഷ്കൃത ഫണ്ട് (ശുചിത്വമിഷൻ ഫണ്ട്)<br>₹356385സംസ്ഥാനാവിഷ്കൃത ഫണ്ട് (ശുചിത്വമിഷൻ ഫണ്ട്) | | |
| ചെലവ് | ചെക്ക് നം | തുക | തീയതി |
| | 03734887 | ₹130433 | 22.02.23 |
| | 032378837436 | ₹93295 | 26.03.23 |
| | ആകെ | ₹223728 | |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, മരട് നഗരസഭ | | |

നഗരസഭയിലെ 33 വാർഡുകളിൽ നിന്നു ഹരിതകർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക് വേസ്റ്റുകൾ പ്ലാസ്റ്റിക്ക് ഷ്രെഡിംങ് യൂണിറ്റിലേക്ക് എത്തിക്കുന്നതിനായി ശ്രീ.ടി.കെ.വർഗ്ഗീസ്, തോട്ടുപുറം വീട് എന്ന വ്യക്തിയുടെ കെ.എൽ 7.ബി.വി.1063, കെ.എൽ 7.സി.ബി.4205 എന്നീ വാഹനങ്ങളുടെ വാടകയിനത്തിൽ മേൽ പ്രോജക്ട് പ്രകാരം കേന്ദ്രാവിഷ്കൃത (ശുചിത്വമിഷൻ ഫണ്ട്) ഫണ്ടിൽ നിന്ന് ₹130433 യും സംസ്ഥാനാവിഷ്കൃത (ശുചിത്വമിഷൻ ഫണ്ട്)ഫണ്ടിൽ നിന്ന് ₹93295 യുമുൾപ്പെടെ ആകെ ₹223728 ചെലവഴിച്ചിട്ടുണ്ട്. ഹരിതകർമ്മസേന പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾക്കായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നോ, തനത് ഫണ്ടിൽ നിന്നോ, ഹരിതകർമ്മ സേന കൺസോർഷ്യത്തിൽ നിന്നോ നടത്താവുന്നതാണ്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവ ചെലവഴിച്ചതിന് പ്രത്യേകം അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 11.01.2024ൽ നല്കിയ 15ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ശുചിത്വമിഷനിൽ നിന്നുള്ള വാക്കാലുള്ള അറിയിപ്പിലാണ് തുക ചെലവഴിച്ചതെന്ന് മറുപടി ലഭ്യമാക്കി. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി മേൽ പ്രോജക്ട് പ്രകാരം ചെലവഴിച്ച ഫണ്ടിന് സർക്കാർ അനുമതിയോ, വകുപ്പിന്റെ പ്രത്യേക അനുമതിയോ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുന്നത് വരെ ₹223728 യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 ഭവനപുനരുദ്ധാരണം-ഗുണഭോക്താവിൽ നിന്ന് തുക തിരികെ ലഭ്യമായില്ല

2019-20 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.സി വിഭാഗത്തിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിനായി തുക അനുവദിച്ചിരുന്നു(പ്രോജക്ട് നം.71/20). ആയത് പ്രകാരം നഗരസഭയിലെ 15ാം ഡിവിഷനിലെ ഗുണഭോക്താവായ ശ്രീമതി.മണി, ചക്കനാട്ട്, മരട് എന്ന വ്യക്തിക്ക് 11.02.2020 ലെ 19110147017301241248 നമ്പർ ബിൽ പ്രകാരം ₹75000 അനുവദിച്ചു. എന്നാൽ ഈ ഗുണഭോക്താവ് ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചത് സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനായി മരട് നഗരസഭ സെക്രട്ടറിയുടെ 03.02.2022 ലെ PH-376/21 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടതിന് 19.02.22 ൽ തന്റെ ഭവനത്തിലേക്ക് ഭവനനിർമ്മാണത്തിനായുള്ള

മെറ്റീരിയൽ കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട് വഴിത്തർക്കം നിലനിൽക്കുന്നതിനാൽ പണി പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ലെന്നും ഇതിനായി ലഭിച്ച തുക നഗരസഭയിലേക്ക് തിരികെ അടവാക്കുവാൻ തയ്യാറാണെന്നും സൂചിപ്പിച്ച് 19.02.22 നഗരസഭ സെക്രട്ടറിക്ക് മറുപടി നല്കി. തുടർന്ന് ₹75000 യുടെ 12% പലിശയടക്കം തുക അടവാക്കുന്നതിന് സെക്രട്ടറി 21.02.2022 ൽ ഗുണഭോക്താവിന് കത്ത് നല്കി. തന്റെ ഭർത്താവ് മരണപ്പെട്ടതിനാൽ തുക ഗഡുക്കളായി അടവാക്കുവാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ഗുണഭോക്താവ് നല്കിയ അപേക്ഷ പരിഗണിച്ച് നഗരസഭ ഫിനാൻസ് സ്റ്റാൻഡിംങ് കമ്മറ്റി 02.06.2022 ലെ 7ാം നമ്പർ തീരുമാനപ്രകാരം പ്രസ്തുത തുക പലിശസഹിതം 4 ഗഡുക്കളായി അടവാക്കുവാൻ നിർദ്ദേശിക്കുകയും, 02.09.2022 ൽ സെക്രട്ടറി PH-376/21 കത്ത് പ്രകാരം പ്രസ്തുത വിവരം പരാമർശിച്ച് കൊണ്ട് ഗുണഭോക്താവിന് കത്ത് നൽകുകയും ചെയ്തു. എന്നാൽ ഗുണഭോക്താവ് ജില്ലാ കളക്ടർക്ക് പരാതി നൽകിയതിനെത്തുടർന്ന് 23.11.2022 ൽ ജില്ലാകളക്ടർ വിചാരണ നടത്തുകയും തുടർന്ന് പ്രസ്തുത തുക 12.12.2022 മുതൽ 15.03.2023 വരെയുള്ള കാലയളവിൽ 4 ഗഡുക്കളായി നഗരസഭയിൽ അടവാക്കുവാൻ 29.12.2022 ലെ I/157520കത്ത് പ്രകാരം ബഹു.ജില്ലാ കളക്ടർ ഗുണഭോക്താവിന് നിർദ്ദേശം നല്കുകയും ചെയ്തു. പ്രസ്തുത ഗുണഭോക്താവ് തുക തിരികെ നഗരസഭയിൽ പലിശസഹിതം അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 08.01.2024 ൽ നല്കിയ 2ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പലിശയടക്കമുള്ള ആദ്യ ഗഡുവായ ₹25,125 അടവാക്കുന്നതിന് ഗുണഭോക്താവിന് 07.01.2023ൽ കത്ത് നല്കിയെന്നും എന്നാൽ പലിശ ഒഴിവാക്കി കിട്ടുന്നതിനായി ബഹു.കളക്ടർക്ക് ഗുണഭോക്താവ് വീണ്ടും അപേക്ഷ നല്കിയിരിക്കുകയാണെന്നും മറുപടി ലഭ്യമാക്കി. കളക്ടറുടെ നിർദ്ദേശ പ്രകാരമുള്ള തുക ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതും ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-35 ബാങ്ക് അക്കൗണ്ട് നമ്പർ തെറ്റായി രേഖപ്പെടുത്തിയതിനാൽ ഗുണഭോക്താവിന് തുക ലഭിച്ചില്ല.

| | | | |
|---|---|---|---|
| പ്രോജക്ടിന്റെ നം,പേര് | എസ്.0171/23ഗാർഹിക കുടിവെള്ള കണക്ഷൻ (എസ്.സി) | | |
| അടങ്കൽ, ഫണ്ട് | വികസനഫണ്ട്(എസ്.സി.പി) 37500 | | |
| ചെലവ് | ബിൽ നം | തുക | തീയതി |
| | 22110147017301014109 | ₹15000 | 07.01.23 |
| | 22110147017301155114 | ₹7500 | 07.02.23 |
| | 22110147017301299320 | ₹7500 | 06.03.23 |
| | 22110147017301497515 | ₹7500 | 27.03.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | | | |

മേൽ പ്രോജക്ട് പ്രകാരം 5 ഗുണഭോക്താക്കൾക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ നല്കിയിട്ടുണ്ട്. നിലവിലെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം എസ്.സി വിഭാഗക്കാർക്ക് യഥാർത്ഥ ചെലവ് നല്കാമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും പരമാവധി ₹7500 നിരക്കിലാണ് നല്കിയിട്ടുള്ളത്. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താവായ ശ്രീ പ്രസാദ് എം.എം, മനക്കച്ചിറ, നെട്ടൂർ നല്കിയിട്ടുള്ളത് നെട്ടൂർ ശാഖ ബാങ്ക് ഓഫ് ബറോഡ,നെട്ടൂർ ശാഖയിലെ അക്കൗണ്ട് നമ്പർ 62640100003643 ആണ്. എന്നാൽ തുക അനുവദിച്ചിട്ടുള്ളത് 204901231003037 എന്ന അക്കൗണ്ടിലേക്കാണ്. യഥാർത്ഥ ഗുണഭോക്താവിന് തന്നെയാണ് തുക ലഭിച്ചിട്ടുള്ളതെന്ന് തെളിവ് സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 08.01.2024 ൽ നല്കിയ 1ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മേൽ പ്രോജക്ട് പ്രകാരം നല്കിയ ബില്ല് ട്രഷറിയിൽ പാസാവുകയും പ്രസ്തുത ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ മാത്രം ഇൻവാലിഡ് ആകുകയും ചെയ്തെന്നും ആയതിന്റെ കാരണം വിജയബാങ്ക് ബാങ്ക് ഓഫ് ബറോഡയായി മാറുകയും അക്കൗണ്ട് നമ്പറിൽ വ്യത്യാസം വരുകയും ചെയ്തതാണെന്നും, അക്കൗണ്ട് കറക്ഷൻ നടത്തിയെങ്കിലും ഗുണഭോക്താവിന് അർഹമായ തുക ഗുണഭോക്താവിന് ലഭിക്കാതെ ഗവൺമെന്റിലേക്ക് തിരികെ പോയിട്ടുള്ളതാണെന്നും ആയതിന്റെ രേഖകളും മറുപടിയോടൊപ്പം ലഭ്യമാക്കി. വ്യക്തിഗത ആനുകൂല്യങ്ങൾ നല്കുന്ന പ്രോജക്ടുകൾക്ക് തുക അനുവദിക്കുമ്പോൾ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ സൂക്ഷ്മ പരിശോധന നടത്തേണ്ടതും തുക യഥാർത്ഥ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രം അനുവദിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്. പ്രൊജക്ട് ഓഫീസർ നടപ്പിലാക്കിയ ഈ പ്രോജക്ട് സ്പിൽ ഓവറാക്കി പ്രസ്തുത ഗുണഭോക്താവിന് ആനുകൂല്യം നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-36 പഠനമുറി -വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ടിന്റെ നം,പേര് | എസ്.0157/23, പട്ടികജാതി വിദ്യാർത്ഥി |

| | | | |
|---|---|---|---|
| | കൾക്ക് പഠനമുറി | | |
| അടങ്കൽ, ഫണ്ട് | വികസനഫണ്ട്(എസ്.സി.പി) ₹800000 | | |
| ചെലവ് | ബിൽ നം | തുക | തീയതി |
| | 22110147017301221635 | ₹100000 | 21.02.23 |
| | 22110147017301299331 | ₹50000 | 06.03.23 |
| | 22110147017301392663 | ₹75000 | 17.03.23 |
| | ആകെ | ₹225000 | |
| നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, മരട് നഗരസഭ | | |

നഗരസഭയിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് പഠനസൗകര്യമൊരുക്കുന്നതിനായി പഠനമുറി നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണിത്. 120 സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ 2 ലക്ഷം രൂപ ഉപയോഗിച്ചാണ് പഠനമുറി നിർമ്മിക്കുന്നതിന് സർക്കാർ അംഗീകാരമുള്ളത്. 2021-22 സാമ്പത്തിക വർഷം ആരംഭിച്ച് തൻവർഷം മേൽ പ്രോജക്ട് പ്രകാരം നടപ്പിലാക്കി 2023-24 ലേക്കും സ്പിൽ ഓവർ ആക്കിയിട്ടുള്ള പ്രോജക്ടാണിത്.

1) ആവശ്യമായ അളവിൽ പഠനമുറി നിർമ്മിക്കുന്നതിന് മതിയായ സ്ഥല സൗകര്യമില്ലാത്തവർക്ക് നിലവിലുള്ള കെട്ടിടത്തിന്റെ മുകളിൽ പഠനമുറി നിർമ്മിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ധനസഹായം നല്കാവുന്നതാണ്. പ്രോജക്ട് ആരംഭിച്ച് ആനുകൂല്യം വാങ്ങിയിട്ടുള്ള എല്ലാ ഗുണഭോക്താക്കളും കെട്ടിടത്തിന്റെ മുകൾ നിലയിലാണ് പഠനമുറി നിർമ്മിച്ചിട്ടുള്ളത്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല.

2) പഠനമുറി നിർമ്മിക്കുന്നതിന് അഡ്വാൻസ് ₹50000 നല്കിയതിനു ശേഷം നിർമ്മാണ പുരോഗതിയുടെ ഓരോ ഘട്ടത്തിലും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം ബാക്കിയുള്ള രണ്ട് ഇൻസ്റ്റാൾമെന്റ് തുകയായ ₹75000 വീതം നല്കേണ്ടത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലല്ല ആനുകൂല്യം നല്കിയിട്ടുള്ളത്.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി 09.01.2024 ൽ നല്കിയ 5ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് തൻവർഷം പഠനമുറി അനുവദിച്ച ഗുണഭോക്താക്കളിൽ ഒരാളൊഴികെ മറ്റുള്ളവർക്ക് അഡ്വാൻസ് തുക മാത്രമാണ് നല്കിയിട്ടുള്ളതെന്നും പണിപൂർത്തീകരിച്ച ഗുണഭോക്താവിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി കൊണ്ടും മറുപടി ലഭ്യമാക്കി. ഫയൽ പരിശോധിച്ചതിൽ നിന്നും ഗുണഭോക്താക്കൾ എല്ലാവരും പഠനമുറിയുടെ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകളും ഫോട്ടോഗ്രാഫും ലഭ്യമാക്കിയിട്ടുള്ളതിനാൽ പ്രോജക്ട് ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. എങ്കിലും സർക്കാർ നിർദ്ദേശിക്കുന്ന ഓരോ ഘട്ടത്തിലേയും വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രോജക്ട് പൂർത്തീകരിക്കുന്ന കാലയളവിൽ തന്നെ ഫയലിൽ സൂക്ഷിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**1-37 ഭവന നിർമ്മാണം -പൂർത്തീകരിച്ചിട്ടില്ല**

സെക്രട്ടറി നിർവ്വഹണം നടത്തിയ ഭവന നിർമ്മാണം (പി.എം.എ.വൈ.ലൈഫ്) എന്ന പ്രൊജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ, താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന് തുകകൾ കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം. | പേരും വിലാസവും | DPR ബുക്ക് നം./പേജ് നം | ആദ്യഗഡു കൈപ്പറ്റിയ വിവരം | വിതരണം നടത്തേണ്ട ഗഡു |
|---|---|---|---|---|
| 1 | ശ്യാമള രഘുനാഥ്, മഴവഞ്ചേരിൽ . ഡിവിഷൻ 18 | 5 10 | 40000/- 1.12.20 | $2^{nd}$ -4th |
| 2 | ഷിനു, എലിസബത്ത് ഹിലാരി ,ചക്കാലപാടംതിട്ടയിൽ ഡിവിഷൻ 32 | 5 19 | 40000/- 01.12.20 | 4th |
| 3 | ശാലിനി.കെ.കെ, ചീരപുറത്ത് വീട് ഡിവിഷൻ 25 | 5 23 | 40000/- 01.12.20 | 4th |

| | | | | |
|---|---|---|---|---|
| 4 | ഡെയ്സി ആന്റണി ആശാം പറമ്പിൽ വീട് ഡിവിഷൻ 3 | 5<br>32 | 40000/- 14.01.21 | 4th |
| 5 | ജെസ്സി ജോൺ, കോപ്പണ്ടിശ്ശേരി ഡിവിഷൻ 9 | 5<br>45 | 40000/- 29.03.21 | 4th |
| 6 | ആതിര സനിൽ , ആട്ടുപുറത്ത് ഡിവിഷൻ 22 | 5<br>49 | 40000/- 29.3.21 | 4th |
| 7 | ബീന ഉണ്ണി, പള്ളിത്തിട്ട വീട് ഡിവിഷൻ 22 | 5<br>52 | 40000/ 29.03.21 | 4th |
| 8 | ഫസ്ന സുനീർ, വെണ്ണാടപറമ്പിൽ ഡിവിഷൻ 32 | 5<br>56 | 40000/- 9.6.21 | 4th |
| 9 | അംബിക, അരക്കൽ ഹൗസ് ഡിവിഷൻ 27 | 5<br>58 | 40000/-07.07.21 | 4th |
| 10 | ജലജ സുബ്രമണ്യൻ, വെട്ടിക്കാട്ടുപറമ്പിൽ ഡിവിഷൻ 12 | 5<br>59 | 40000/- 07.07.21 | 4th |
| 11 | ഉഷ,ഇല്ലത്തുപറമ്പിൽ ഡിവിഷൻ 12 | 5<br>60 | 40000/- 07.07.21 | 4th |
| 12 | ട്രീസ ജോസഫ്, പറപ്പിള്ളിൽ ഡിവിഷൻ- 09 | 5<br>62 | 40000/- 07.07.21 | 4th |
| 13 | സീമ എൻ സത്യൻ ഡിവിഷൻ- 11 | 5<br>63 | 40000/- 21.10.21 | 4th |
| 14 | ലിൻഡ ജോഷി, കൊട്ടാരത്തിൽ ഡിവിഷൻ 25 | 5<br>64 | 40000/- 21.10.21 | 4th |
| 15 | ഷീബ കെ.എസ് വട്ടത്തറ ഡിവിഷൻ 17 | 5<br>64 | 40000/- 21.10.21 | 3rd &4th |
| 16 | ഈശ്വരി, കൊച്ചിറപാടം ഡിവിഷൻ 11 | 5<br>70 | 40000/- 14.3.22 | 3rd &4th |
| 17 | ഗീതു.ടി.ബി ചൂരക്കാട് വീട് ഡിവിഷൻ 19 | 5<br>71 | 40000/- 14.03.22 | 4th |
| 18 | കുഞ്ഞുമോൾ, കാടവിള ഡിവിഷൻ 29 | 5<br>72 | 40000/- 14.03.22 | 3rd &4th |

മേൽ പറഞ്ഞ 18 ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ചിട്ടില്ല. എന്നാൽ മേൽ ഗുണഭോക്താക്കൾ 2020-21, 2021-22കാലഘട്ടത്തിൽ ആദ്യഗഡു കൈപ്പറ്റിയിട്ടുള്ളവരാണെന്നതിനാൽ വീട് പണി പൂർത്തീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 11/11.01.23)നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതിനാലാണ് മുഴുവൻ തുകയും നൽകാതിരുന്നത് എന്നും ഭവന നിർമ്മാണം

പൂർത്തീകരിച്ച് ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ്,കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുന്ന മുറയ്ക്ക് മുഴുവൻ തുകയും നൽകുന്നതാണ് എന്ന് അറിയിച്ചു. ഭവനപദ്ധതികൾ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം പൂർണ്ണമായും നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് നഗരസഭയുടെ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**1-38 കുട്ടികൾക്ക് പ്രഭാത ഭക്ഷണം-സ്പോൺസർഷിപ്പ് മുഖേന നടപ്പിലാക്കണം**

| | |
|---|---|
| പ്രോജക്ട് നം/പേര് | 323/23,ജി.എൽ.പി.എസ്,മാങ്കായിൽ,എച്ച്.എസ്.എസ് മാങ്കായിൽ, ജെ.സി.എസ് കുണ്ടന്നൂർ-കുട്ടികൾക്ക് പ്രഭാതഭക്ഷണം |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എൽ.പി.സ്കൂൾ |
| ആകെ അടങ്കൽ | ₹200000/- (82000-പൊതുവിഭാഗം സാധാരണവിഹിതം, 118000- തനത് ഫണ്ട്) |
| ആകെ ചെലവ് | ₹183930/-(78400-പൊതുവിഭാഗം സാധാരണവിഹിതം, 105530- തനത് ഫണ്ട്) |
| ബിൽ നമ്പർ,തീയതി | 68950/ ബിൽ നമ്പർ,188/തീ.05.01.23<br>9450/ബിൽ നമ്പർ, 255/തീ.16.02.23<br>40360/ ചെക്ക് നമ്പർ931062 തീ 23.03.23,<br>33250/ ചെക്ക് നമ്പർ 931132 തീ19.04.23<br>31920/ ചെക്ക് നമ്പർ 025614 തീ 23.02.23 |

ഗവൺമെന്റ് എൽപി സ്കൂൾ മാങ്കായിൽ, എച്ച്.എസ്.എസ് മാങ്കായിൽ, ജെ.ബി.എസ് കുണ്ടന്നൂർ, എന്നിവയിലെ കുട്ടികൾക്ക് (116+ 36 +45= 197 കുട്ടികൾ) പ്രഭാതഭക്ഷണത്തിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. മേരി.പി.എസ്,പൈങ്ങാന്തറ വീട് എന്നയാൾക്കാണ് ഭക്ഷണവിതരണത്തിന് തുക നല്കിയത്(₹ 10/head/day). തൻവർഷം 183930/- രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. 11/22, 12/22, 01/23, 02/23, 03/23 എന്നീ മാസങ്ങളിലെ ഭക്ഷണചെലവുകൾക്കാണ് പ്രൊജക്റ്റ് പ്രകാരം തുക നൽകിയത്. പ്രൊജക്ട് സംബന്ധിച്ച് താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു

1. പ്രഭാതഭക്ഷണ വിതരണത്തിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

2. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഓഡിറ്റ് വർഷത്തിൽ ബാധകമായ മാർഗ്ഗരേഖ സ.ഉ.(കൈ) നം. 84/22 ത.സ്വ.ഭ.വ. തീയതി 19-4-2022 ഖണ്ഡിക 8.8.3. പ്രകാരം സർക്കാർ സ്കൂളുകളിൽ U.P. വിഭാഗം വരെ (7ാം തരം) അർഹതയുള്ള എല്ലാ വിദ്യാർഥികൾക്കും പ്രഭാതഭക്ഷണം വിതരണം ചെയ്യുന്ന പ്രൊജക്റ്റുകൾ ആവിഷ്കരിക്കാവുന്നതാണ്. അധ്യാപക രക്ഷാകർതൃ സമിതിയുടെ ചുമതലയിൽ നടപ്പാക്കുന്ന ഈ പ്രൊജക്റ്റിന് സ്പോൺസർഷിപ്പിലൂടെ വിഭവസമാഹരണം നടത്തുന്നതിനാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ തനത് ഫണ്ടിനൊപ്പം പദ്ധതിവിഹിതം(പൊതുവിഭാഗം സാധാരണവിഹിതം) കൂടെ ഉപയോഗിച്ചാണ് പ്രൊജക്റ്റ് നടപ്പാക്കിയത്. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (43/17.01.23) ലഭ്യമാക്കിയ മറുപടിയിൽ പ്രഭാത ഭക്ഷണം തയ്യാറാക്കാൻ സ്കൂളിലെ ഒരു കുട്ടിയുടെ രക്ഷാകർത്താവിനെ പി.ടി.എ ഏൽപ്പിച്ചു എന്നും മേൽ പദ്ധതിക്ക് സ്പോൺസർമാരെ അന്വേഷിച്ചെങ്കിലും ലഭിച്ചില്ല എന്നും മറുപടി ലഭ്യമാക്കി. മാർഗ്ഗരേഖയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള രീതിയിൽ മാത്രം പ്രോജക്ട് ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

**1-39 മഴക്കാല പൂർവ ശുചീകരണം- ചെലവ് രേഖ ലഭ്യമാക്കിയില്ല**

ഫയൽ നം- PH/4930/2014
2022-23 വർഷത്തെ മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കായി ₹6,60,000/- (വൗച്ചർ നം-89-7/22, ചെക്ക് നം-125396/25.07.22) വാർഡൊന്നിന് ₹20,000/- നിരക്കിൽ 33 വാർഡുകളിലേയും കൗൺസിലർമാർ ചെയർമാനും JHI കൺവീനറുമായുള്ള അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ചെലവ് രേഖകൾ ഹാജരാക്കിയില്ല (എൻക്വയറി-25/11.01.24) ശുചിത്വമിഷൻ വിഹിതമായ ₹3,30,000/- ലഭ്യമാകാത്തതിനാൽ തനത് ഫണ്ടിൽ നിന്നാണ് ആയത് വകയിരുത്തിയത്. ടി തുക നഗരസഭയ്ക്ക് തിരികെ ലഭ്യമായതായി രേഖയില്ല. മുഴുവൻ വാർഡുകളിലേയും ചെലവ് വൗച്ചറുകൾ ബാങ്ക് പാസ്ബുക്കിനോടൊപ്പം പരിശോധനയ്ക്ക് നൽകുന്നത് വരെ ആകെ ₹6,60,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-40 ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല**

| | |
|---|---|
| പ്രോജക്ട് നം.പേര് | S036/23 കോവിഡ് പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട ഡി സി സി യുടെ നടത്തിപ്പും മറ്റ് അനുബന്ധ പ്രവർത്തികളും |
| അടങ്കൽ | ₹90044(വികസന ഫണ്ട്) |
| ചെലവ് | ₹90044(വികസന ഫണ്ട്)<br>1. ബിൽ നം 12/25.06.22 - ₹11000/<br>2.ബിൽ നം 13/25.06.22 - ₹37720/<br>3. ബിൽ നം19 /27.06.2022 - ₹21499/<br>4. ബിൽ നം 114/21.10.22-₹19825/ |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

2022-23 വർഷത്തെ വാർഷികപദ്ധതിയിൽ (സ്പിൽ ഓവർ) ആയി ഉൾപ്പെടുത്തി കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് മേൽ സൂചിപ്പിച്ച പ്രൊജക്ട് നടപ്പിലാക്കി തുക ചെലവഴിച്ചിട്ടുണ്ട്. മേൽ തുകകൾ ചെലവഴിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (6/09.01.23) പ്രകാരം ഫയൽ ലഭ്യമാക്കിയതിൽ 13/25.06.22 – ₹37720/, 19/27.06.2022 -₹21499/ , 114/21.10.22- ₹19825/ എന്നീ ബില്ലുകൾ പ്രകാരമുള്ള ചെലവ് രേഖകൾ (₹79044) മാത്രമാണ് ഫയലിനോടൊപ്പം ലഭ്യമാക്കിയത്. എന്നാൽ ബിൽ നം 12/25.06.22 പ്രകാരം ചെലവഴിച്ച ₹11000/ യുടെ ചെലവ് രേഖകൾ ലഭിച്ചില്ല. ആയതിനാൽ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ₹11000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-41 <u>നഗരസഭ ആസ്തികൾ സംബന്ധിച്ച ഫയൽ ലഭ്യമാക്കിയില്ല</u>**

നഗരസഭയുടെ ആസ്തികൾ സംബന്ധിച്ച ചുവടെ ചേർക്കുന്ന ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

1) 13.6.2022 തീയതിയിലെ 15(2) ാം നം ധനകാര്യകമ്മറ്റി തീരുമാനം

ഫയൽ നം E5-11374/2016

മരട് നഗരസഭയുടെ പുതിയ ഓഫീസ് മന്ദിരം നിലനിൽക്കുന്ന സ്ഥലം ഏറ്റെടുത്തത് സംബന്ധിച്ച കേസ് നിലവിലുള്ളതാണ്. ആയതിനാൽ I) ഓഫീസ് മന്ദിരത്തിന്റെ സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശം.

Ii) കേസിന്റെ നിലവിലെ സ്റ്റാറ്റസ്.

2) 20.3.2023 തീയതിയിലെ കൗൺസിലിന്റെ 2/1 ാം നം തീരുമാനം

ഫയൽ നം E3-1533/23

മരട് നഗരസഭ 32ാം ഡിവിഷനിൽ കുണ്ടുവേലി റോഡിനോട് ചേർന്ന് 3.44ഏക്കർ സ്ഥലം ദാനാധാരമായി രജിസ്റ്റർ ചെയ്തിട്ടുള്ളത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശം.

ഫയലും അനുബന്ധ രേഖകളും ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 33 തീയതി 18.01.2024) മറുപടി ലഭ്യമാക്കിയില്ല. നഗരസഭയുടെ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

**1-42 <u>വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല</u>**

| | |
|---|---|
| പ്രോജക്ട് നം | എസ് 0204/23 |
| പ്രോജക്ടിന്റെ പേര് | കോക്ലിയാർ ഇംപ്ലാന്റ് ചെയ്ത കുട്ടികളുടെ ഉപകരണങ്ങളുടെ മെയ്ന്റനൻസിനുള്ള വിഹിതം സാമൂഹ്യ സുരക്ഷ മിഷന് കൈമാറുന്നത് |
| പ്രോജക്ടിന്റെ അടങ്കൽ | വികസന ഫണ്ട് – ജനറൽ– ₹50,000/- |
| പ്രോജക്ടിന്റെ ചെലവ് | വികസന ഫണ്ട് – ജനറൽ– ₹50,000/- |
| ബിൽ നം/തീയതി | 131/28.11.2022 |

ഐ.സി.ഡി.എസ് സൂപ്പർ വൈസർ നിർവ്വഹണോദ്യോഗസ്ഥയായി മേൽ പ്രോജക്ടിന്റെ ഭാഗമായി കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിനായി ₹50,000/- കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയിട്ടുണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/12.01.24) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ₹50000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

### 1-43 KWA-കുടിവെള്ള പദ്ധതി നടപ്പാക്കിയില്ല-

2022-23 വർഷം അർബൻ അഗ്ഗ്ലോമറേഷൻ ഫണ്ട് ഉപയോഗിച്ച് കുടിവെള്ള പദ്ധതി ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിനായി KWA യ്ക്ക് ഡെപ്പോസിറ്റ് വർക്കായി₹80,00,000/- നല്കി. എന്നാൽ ഈ ഡെപ്പോസിറ്റ് വർക്കുകളുടെ ഫയൽ, എഗ്രിമെന്റ്, ധനവിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി ( നം.3 തി. 8.1.2024 ) നല്കിയെങ്കിലും ആയവ പരിശോധനയ്ക്കായി ലഭിച്ചില്ല. എന്നാൽ ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം റോഡ് റെസ്റ്റോറേഷൻ ഫീസ് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു നഗരസഭ നടത്തുന്ന പ്രോജക്റ്റ് ആയതിനാൽ റോഡ് റെസ്റ്റോറേഷൻ ഫീസ് ഇനത്തിൽ വകയിരുത്തിയ തുക തിരികെ ഈടാക്കേണ്ടതാണ്. പ്രോജക്റ്റ് വിശദാംശം ചുവടെ ചേർക്കുന്നു.

I)

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ച തുക (₹) | ബിൽ നം /ചെക് നം /തുക |
|---|---|---|---|---|
| 1 | 138/23 | പാഴായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കൽ -KWA യ്ക്ക് നല്കിയ തുക | 60,00,000/- | ചെക് നം.622651 തീ.27.12.2022 |

2022-23 വർഷം സെക്രട്ടറിനിർവ്വഹണോദ്യോഗസ്ഥനായി KWA യിലേയ്ക്ക് തുക ഡെപ്പോസിറ്റ് ചെയ്ത ഈ പ്രവത്തിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ റോഡ് റെസ്റ്റോറേഷൻ ഫീസ് ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ ഈ പ്രവൃത്തിയ്ക്കായി വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് വെച്ചിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തിയ്ക്കായി നല്കിയ തുക ₹60,00,000/- യിൽ റോഡ് റെസ്റ്റേറേഷൻ ഫീസ് തുക ₹17,78,636/- യും അതിന്റെ 18% GST ₹3,20,154/- യും ഉൾപ്പെടെ ₹20,98,790/- ആകെ അധികം നല്കിയിട്ടുണ്ട്. ഈ പ്രവൃത്തി നഗരസഭ നടപ്പാക്കുന്നതിനാൽ റോഡ് റെസ്റ്റേറേഷൻ ഫീസ് ഈടാക്കേണ്ടതില്ല. ഈ തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്(ഇതു സംബന്ധിച്ചുള്ള വിശദാംശം ഭാഗം 3 ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്). എന്നാൽ പ്രവൃത്തി നടപ്പാക്കിയിട്ടില്ലാത്തതിനാൽ അധികം നല്കിയ തുക കഴിച്ചുള്ള ബാക്കി തുക (₹60,00,000- ₹20,98,790)= ₹39,01,210/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

II)

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ച തുക(₹) | ബിൽ നം /ചെക് നം /തുക |
|---|---|---|---|---|
| 1 | 137/23 | പാഴായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കൽ -KWA യ്ക്ക് നല്കിയ തുക | 20,00,000/- | ചെക് നം.71910 തീ.31.3.2023 |

2022-23 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി KWA യിലേയ്ക്ക് തുക ഡെപ്പോസിറ്റ് ചെയ്ത ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ റോഡ് റെസ്റ്റോറേഷൻ ഫീസ് ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ, ഈ

പ്രവൃത്തിയ്ക്കായി വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് വെച്ചിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തിയ്ക്കായി നല്കിയ തുക ₹20,00,000/- യിൽ റോഡ് റെസ്റ്റോറേഷൻ ഫീസ് തുക ₹7,11,000/- യും അതിന്റെ 18% GST ₹1,27,980/- യും ഉൾപ്പെടെ ₹8,38,980/- ആകെ അധികം നല്കിയിട്ടുണ്ട്. ഈ പ്രവൃത്തി നഗരസഭ നടപ്പാക്കുന്നതിനാൽ റോഡ് റെസ്റ്റോറേഷൻ ഫീസ് ഈടാക്കേണ്ടതില്ല. ഈ തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. (ഇതു സംബന്ധിച്ചുള്ള വിശദാംശം ഭാഗം 3 ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.) പ്രവൃത്തി നടപ്പാക്കിയിട്ടില്ലാത്തതിനാൽ അധികം നല്കിയ തുക കഴിച്ചുള്ള ബാക്കി തുക (₹20,00,000- ₹